# നെയ്യാറ്റിൻകര

## ലത്തീൻ കത്തോലിക്ക രൂപത

# പദ്ധതി രൂപീകരണ
# മാർഗ്ഗരേഖ 2023-’24

# ഉള്ളടക്കം


| | | |
|---|---|---|
| 01. | ഇടയ സ്വരം | 03 |
| 02. | പഠനം | 04 |
| 03. | മുഖമൊഴി | 12 |
| 04. | അടിസ്ഥാന ക്രൈസ്തവ സമൂഹം | 17 |
| 05. | പൊതുനിർദ്ദേശങ്ങൾ | 20 |
| 06. | അജപാലന ശുശ്രൂഷ | 22 |
| 07. | വിദ്യാഭ്യാസ ശുശ്രൂഷ<br>ബോർഡ് ഫോർ എഡ്യൂക്കേഷൻ പ്രൊമോഷൻ | 31 |
| 08. | സാമൂഹ്യ ശുശ്രൂഷ | 34 |
| 09. | കുടുംബപ്രേഷിത ശുശ്രൂഷ | 47 |
| 10. | യുവജന ശുശ്രൂഷ | 50 |
| 11. | അൽമായ ശുശ്രൂഷ | 52 |
| 12. | ബോർഡ് ഫോർ ക്ലർജി & റിലീജിയസ് | 62 |
| 13. | ബോർഡ് ഫോർ ടെമ്പറാലിറ്റീസ് | 64 |

ഇടയസ്വരം

## പ്ലാൻ & ബജറ്റ് 2023-24
## സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്

കോവിഡ് 19 വിശ്വാസജീവിതത്തെ പിന്നോട്ടടിച്ചു എന്ന വാസ്തവം നമ്മുടെ മുന്നിലുണ്ട്. പ്രത്യേകിച്ച് യുവജനങ്ങളിലും കുട്ടികളിലും. മയക്കുമരുന്നിന്റെ ഉപയോഗവും മൊബൈൽ ഫോണിന്റെ അമിത സ്വാധീനവും വിശ്വാസ അപചയത്തിനു കാരണമായിട്ടുണ്ട്. കുടുംബ പ്രാർത്ഥനയുടെ അപര്യാപ്തതയും ക്രിസ്തീയ തനിമയിൽ നിന്നകന്ന് അനുഷ്ഠാനങ്ങൾക്കും പാരമ്പര്യങ്ങൾക്കും കൊടുക്കുന്ന അമിത പ്രാധാന്യം വിശ്വാസ ജീവിത സാക്ഷ്യത്തിൽ നിന്നും പിന്നോട്ടടിക്കുന്നു. ഈ കുറവുകൾ പരിഹരിച്ചു വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ഒക്ടോബറിൽ 'ആഗോള സിനഡ്' റോമിൽ നടക്കുന്ന പശ്ചാത്തലം കൂടെ കണക്കിലെടുത്ത് 'സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്' എന്ന വിഷയമാണ് 2023-24 വർഷത്തേക്കായി നാം തെരഞ്ഞെടുത്തിരിക്കുന്നത്.

നാം നടത്തിയ സിനഡുകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള ആശയങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് വിശ്വാസ ജീവിതത്തെ ശക്തിപ്പെടുത്തുവാൻ പോരുന്നവിധത്തിൽ അജപാലന പദ്ധതികൾ എല്ലാ ഇടവകകളും ഉപഇടവകകളും രൂപീകരിക്കേണ്ടതാണ്. അങ്ങനെ രൂപീകരിക്കുന്നവ മാർച്ച് 11-ാം തീയതി ഫൊറോന സമിതിയുടെ മുമ്പിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ട കാര്യം ഞാൻ അറിയിക്കുന്നു. നടപ്പിലാക്കാൻ സാധിക്കുന്ന പദ്ധതികൾ മാത്രം രൂപപ്പെടുത്താനും അവപ്രാവർത്തികമാക്കി വിജയംവരിക്കുവാനും നിങ്ങൾ ആത്മാർത്ഥമായി പരിശ്രമിക്കണം.

കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ

വിജയാശംസകളോടെ

റൈറ്റ് റവ. ഡോ. വിൻസെന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാ മെത്രാൻ
01.02.2023

# സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്

**മോൺ. റൂഫസ് പയസ്‌ലീൻ,**
റീജിയണൽ കോർഡിനേറ്റർ, നെടുമങ്ങാട്
Mob : 9074341922

ക്രൈസ്തവ വിശ്വാസത്തിന്റെ മൂന്ന് മാനങ്ങളാണ് 2023 ഒക്ടോബറിൽ സമാപിക്കുന്ന സിനഡിനായി സഭ നൽകിയിട്ടുള്ളത് – സിനഡാത്മകതയ്ക്ക് കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിതത്വം. ക്രിസ്തുനാഥൻ സഭയ്ക്ക് നൽകിയിട്ടുള്ള കൽപ്പനകൾ മൂന്നാണ്.

1. ഞാൻ നിങ്ങളെ സ്നേഹിച്ചത് പോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുക (വി.യോഹ. 13:35).
2. ഇത് നിങ്ങൾ എൻറെ ഓർമ്മയ്ക്കായി ചെയ്യുക (വി.ലൂക്കാ 22:19).
3. നിങ്ങൾ ലോകമെങ്ങും പോയി സർവസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക (വി.മർക്കോ. 16:15).

ആദ്യത്തെ രണ്ട് കല്പനകളും മൂന്നാമത്തെ കൽപ്പനയ്ക്കായിട്ട് നമ്മെ ഒരുക്കുന്ന കല്പനകൾ ആണ്. പരസ്പരം സ്നേഹിച്ചുകൊണ്ടും യേശുവിന്റെ ഓർമ്മയ്ക്കായിട്ട് നമ്മെത്തന്നെ പൂർണമായിട്ട് സമർപ്പിച്ചുകൊണ്ടുമാണ് നാം നമ്മുടെ പ്രേക്ഷിത ദൗത്യത്തിലേക്ക് നീങ്ങുന്നത്. ഒന്നാമത്തെ കൽപ്പന കൂട്ടായ്മയ്ക്ക് ആയിട്ടുള്ള ആഹ്വാനം ആണെങ്കിൽ രണ്ടാമത്തെ കൽപ്പന യേശുവിൻറെ സമർപ്പണത്തിൽ പങ്കുചേർന്നുകൊണ്ട് നമ്മെ തന്നെ മറ്റുള്ളവർക്ക് വേണ്ടി പങ്കുവെച്ചുകൊടുക്കുവാനായി പങ്കാളിത്തത്തിലേക്ക് വേണ്ടിയുള്ള ആഹ്വാനമാണ്. മൂന്നാം കൽപ്പന അതിന്റെ ഫലമായി ലോകത്തിന് കൈവരുന്ന സന്തോഷവും സമാധാനവുമാണ്. ഈ മൂന്നു മാനങ്ങളും ബോധപൂർവം

നമ്മുടെ ജീവിതത്തിൽ നമ്മൾ അനുവർത്തിക്കുമ്പോഴാണ് സിനഡാത്മകത എന്നുള്ള ആ ഒരു തലത്തിലേക്ക് സഭാ ജീവിതം ഉയരുന്നത്. വഴിയായ ക്രിസ്തുവിനോടൊപ്പം (വി.യോഹ. 14:6). ക്രിസ്തു നടന്ന വഴികളിലൂടെ സഞ്ചരിക്കുന്നതാണല്ലോ സിനഡാത്മകത. കൂട്ടായ്മയിലൂടെയും, പങ്കാളിത്തത്തിലൂടെയും, പ്രേക്ഷിതത്വത്തിലൂടെയും നമ്മൾ ചെയ്യുന്നത് ഇതുതന്നെയാണ്.

**കൂട്ടായ്മ :**

ത്രിത്വൈക ദൈവത്തിൽ വേരൂന്നി നിൽക്കുന്ന വിശ്വാസികളുടെ സമൂഹമായ സഭയുടെ നാല് അടയാളങ്ങളിൽ ആദ്യത്തേത് ഏകം എന്നതാണ്. കൂട്ടായ്മയുടെ 2 മാനങ്ങളായ ദൈവബന്ധവും മനുഷ്യബന്ധവും അരക്കിട്ടുറപ്പിക്കുമ്പോഴാണല്ലോ ഈ ഒരു ഏകത സഭയ്ക്കു കൈവരുന്നത്. ഈ ഒരു സവിശേഷത തന്നെയാണ് സഭയുടെ കൂട്ടായ്മയിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോവുകയും ചെയ്യുന്നത്. ഇവിടെ രണ്ട് ബന്ധങ്ങളെക്കുറിച്ച് നമ്മൾ ചിന്തിക്കുന്നത് ഉചിതമാണ്. മർക്കോസിന്റെ സുവിശേഷം മൂന്നാം അധ്യായത്തിലെ 31 മുതൽ 35 വാക്യങ്ങളിൽ പരിശുദ്ധ കന്യകാമറിയം യേശുവിനെ കാണാൻ വന്ന രംഗം വിവരിക്കുന്നുണ്ട്. നിന്റെ അമ്മയും സഹോദരരും നിന്നെ കാണാൻ വന്നു പുറത്തുനിൽക്കുന്നുവെന്ന് ഒരുവൻ യേശുവിനോട് പറഞ്ഞപ്പോൾ യേശുവിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് നമുക്കറിയാം. ദൈവഹിതം നിറവേറ്റുന്നവരാരോ അവരാണ് എന്റെ അമ്മയും സഹോദരനും സഹോദരിയും (3:35). ഇവിടെ രണ്ടു ബന്ധങ്ങളെ കുറിച്ച് ചിന്തിക്കുവാൻ അവിടുന്ന് നമ്മെ പ്രേരിപ്പിക്കുകയാണ്. യേശുവിനു ചോരയും നീരും നൽകി അസ്ഥിത്വം നൽകിയവളാണ് പരിശുദ്ധ കന്യകാ മറിയം. അവളുടെ സ്ഥാനത്തെ ഇവിടെ താഴ്ത്തി കാണിക്കുകയല്ല ചെയ്തത്. അവിടത്തെ ഔന്നത്യത്തെ എടുത്തു പറയുകയാണ് ചെയ്തത്. പരിശുദ്ധ കന്യകാമറിയം വചനമാകുന്ന യേശുവിനെ സ്വീകരിച്ചത് 'ഇതാ കർത്താവിന്റെ ദാസി, നിന്റെ ഇഷ്ടം എന്നിൽ

നിറവേറട്ടെ' (വി.ലൂക്കാ 1:38) എന്ന് മാലാഖയോട് പ്രത്യുത്തരം നൽകിയപ്പോഴാണ്. ആ പരിശുദ്ധ കന്യാമറിയം യേശുവിന് ജന്മം നൽകിയത് വഴി അവിടത്തെ രക്ത ബന്ധുവായി തീരുകയും ചെയ്യുന്നു. എന്നാൽ ഇവിടെ യേശു നമുക്കു നൽകുന്ന സന്ദേശം രക്തബന്ധത്തേക്കാൾ ഉന്നതമാണ് വചനബന്ധമെന്ന്. വചനത്തിലുള്ള കൂട്ടായ്മയിലേക്ക് സഭ നീങ്ങിയില്ലെങ്കിൽ സഭ സഭയായി മാറുന്നില്ല, സഭയിൽ യഥാർത്ഥ കൂട്ടായ്മ അനുഭവിക്കാൻ സാധിക്കുകയില്ല. സിനഡാത്മക പാതയിൽ വചനത്തെ ഭക്ഷണമായി നമുക്ക് മാറ്റേണ്ടതുണ്ട്. യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായം 34-ാം വാക്യത്തിൽ യേശു പറഞ്ഞു 'ദൈവഹിതം നിറവേറ്റുകയാണ് എന്റെ ഭക്ഷണം'. അപ്പോൾ ദൈവഹിതം പൂർണമായും നിറവേറണമെങ്കിൽ നമുക്ക് അനുസരിക്കുന്ന വിശ്വാസം നമ്മിൽ പരിപോഷിപ്പിക്കേണ്ടതായിട്ടുണ്ട്. ഇന്ന് നമുക്ക് ലഭിക്കുന്ന ബോധ്യങ്ങൾ അല്ലെങ്കിൽ പരിശീലനം ഏറ്റവും പ്രധാനമായി ലഭിക്കുന്നത് ആരാധനാക്രമത്തിൽ നിന്നാണ്. പിന്നെ മതബോധനം, ബിസിസി കൂട്ടായ്മ, സംഘടനകളുടെ പ്രവർത്തനം, ശുശ്രൂഷ വേദികളുടെ പ്രവർത്തനങ്ങൾ എന്നിവ വഴിയായിട്ടാണ് ഈ കൂട്ടായ്മയിൽ നമുക്ക് വളരുവാൻ സാധിക്കുന്നത്. എന്നാൽ ഈ പരിശീലനത്തിന്റെ കേന്ദ്ര ബിന്ദുവായിട്ട് വചനത്തെ നമ്മൾ മാറ്റുമ്പോൾ, വചനത്തിൽ നമ്മൾ ഒന്നായി മാറുമ്പോൾ, വചനമാണ് നമ്മുടെ ജീവിതത്തെ രൂപീകരിക്കുന്നത് എന്നുള്ള ബോധ്യത്തിലേക്ക് നാം വളരുന്നു. അപ്പോഴാണു നമ്മുടെ കൂട്ടായ്മ ഉറപ്പുള്ള കൂട്ടായ്മയായി മാറുന്നത്. മൂലക്കല്ലായ യേശുവുമായി ബന്ധപ്പെട്ട് പണിയപ്പെടുന്ന സജീവ ശിലകളായ ആധ്യാത്മിക സൗധം ആയിട്ട് സഭ രൂപം പ്രാപിക്കുകയും ചെയ്യും (1 പത്രോസ് 2:4-10). വചനത്തെക്കുറിച്ച് വീണ്ടും മത്തായിയുടെ സുവിശേഷം ഏഴാം അധ്യായത്തിൽ 24-25 വാക്യങ്ങളിൽ വായിച്ചു കേൾക്കുന്നുണ്ട്. അവിടെ വചനം അനുവർത്തിക്കുന്നവർ ആരാണെന്ന് യേശു

എടുത്തുപറയുന്നു. പാറമേൽ പണിത ഭവനം: അതാണ് അവിടെ മാതൃകയായി നൽകുന്നത്. എന്റെ വചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് പാറമേൽ പണിത ഭവനം. നമ്മുടെ വിശ്വാസ രൂപീകരണ രംഗങ്ങളിൽ ഈ ഒരു മാനത്തിന് നമ്മൾ കൂടുതൽ പ്രാധാന്യം നൽകണം. അനുസരിക്കുന്ന വിശ്വാസത്തിന്റെ ഉടമകളായി ഓരോ വ്യക്തിയെയും നമുക്ക് രൂപപ്പെടുത്തേണ്ടതായിട്ടുണ്ട്. അബ്രഹാത്തിന്റെ വിശ്വാസവും പരിശുദ്ധ കന്യകാമറിയത്തിന്റെ വിശ്വാസവും അനുസരിക്കുന്ന വിശ്വാസമായിരുന്നു. അനുസരണത്തിലൂടെ നാം നമ്മെത്തന്നെ ശൂന്യവൽക്കരിക്കുമ്പോഴാണ് ദൈവമായിട്ടുള്ള കൂട്ടായ്മയിലും മറ്റു മനുഷ്യരുമായിട്ടുള്ള കൂട്ടായ്മയിലും നാം ദൃഢീകരിക്കപ്പെടുന്നത്. കൂട്ടായ്മ എന്ന സഭയുടെ ഏറ്റവും വലിയ സവിശേഷത നമ്മുടെ ജീവിതത്തിൽ വളർത്തുവാനുള്ള തീരുമാനങ്ങളെടുക്കുവാനും അതിനായുള്ള കരുക്കൾ നീക്കുവാനും സാധിക്കണം.

**പങ്കാളിത്തം :**

വചനത്തിലൂടെ രൂപീകരിക്കപ്പെടുന്ന കൂട്ടായ്മയിൽ നിന്നാണ് പങ്കാളിത്തം ഉടലെടുക്കുന്നത്. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ജീവിതത്തിൽ ഇത് വളരെ വ്യക്തമാണ്. അപ്പ. പ്രവ. നാലാം അധ്യായം 32 മുതലുള്ള വാക്യങ്ങളിൽ നമുക്ക് അത് വായിച്ച് മനസ്സിലാക്കാൻ സാധിക്കും. അവർ ഒരു ഹൃദയവും ഒരു മനസ്സും ഉള്ളവരായി മാറി. ആരുംതന്നെ അവരുടെ വസ്തുക്കൾ സ്വന്തമായി കരുതിയില്ല. അത് ഏവർക്കും പങ്കുവയ്ക്കുവാൻ അവർക്ക് സാധിച്ചു. കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനം 12 അധ്യായം 12 മുതൽ 26 വരെയുള്ള വാക്യങ്ങളിൽ സഭയെ ശരീരത്തോടാണ് പൗലോസ് ശ്ലീഹാ ഉപമിക്കുന്നത്. അപ്പോൾ സഭയ്ക്കകത്തു ഉണ്ടാകേണ്ട ഒരു ജൈവബന്ധത്തെക്കുറിച്ചാണ് അവിടെ പരാമർശിക്കുന്നത്. ശിരസായ ക്രിസ്തുവിനോട് ചേർന്ന് നിൽക്കുന്ന അവയവങ്ങളാണ് സഭാശരീരം അവിടെ വ്യാഖ്യാനിക്കപ്പെടുന്നത്.

അവിടെ അവയവങ്ങൾ പരസ്പരം അംഗീകരിക്കുന്നു, പരസ്പരം കരുതൽ ഉള്ളതായി മാറുന്നു, പരസ്പരം ഐക്യത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ഓരോ അവയവങ്ങളും അതിന് ലഭിച്ചിട്ടുള്ള സിദ്ധികൾ ഉപയോഗിച്ച് ശരീരത്തിന്റെ പോഷണത്തിനായിട്ട് പൂർണമായി സമർപ്പിക്കുന്നു. വചനമാകുന്ന ക്രിസ്തുവിൽ കൂട്ടായ്മയിൽ ഒന്നായിത്തീരുന്ന സമൂഹം തങ്ങൾക്കുള്ള കഴിവുകളും സിദ്ധികളും സഭയുടെ വളർച്ചയ്ക്കായിട്ട് അത് അർപ്പിക്കുമ്പോഴാണ് ഇവിടെ പങ്കാളിത്തം ഉണ്ട് എന്ന് പറയാൻ സാധിക്കുന്നത്.

വർഷങ്ങളായി നമ്മുടെ രൂപതയിൽ പ്രവർത്തിച്ചുവരുന്ന ശുശ്രൂഷകൾ ഈ പങ്കാളിത്തത്തിന്റെ ഒരു ബഹുസ്പുരണമായി നമുക്ക് മനസ്സിലാക്കാൻ സാധിക്കണം. ശുശ്രൂഷകൾ ശിരസായ ക്രിസ്തുവുമായി ചേർന്നുനിൽക്കുന്നില്ലെങ്കിൽ അത് സാമൂഹ്യപ്രവർത്തനമായി മാറും. സഭയിൽ സാമൂഹ്യ പ്രവർത്തനം അല്ല ഉണ്ടാകേണ്ടത്, ശുശ്രൂഷയാണ് ഉണ്ടാകേണ്ടത്. വചനത്തിൽ നിന്ന് ലഭിക്കുന്ന കൂട്ടായ്മയാണ് അതിന് പ്രചോദനമായി നിൽക്കുകയും ചെയ്യേണ്ടത്. പങ്കാളിത്ത സ്വഭാവമുള്ള ഒരു ഘടനയാണ് നമ്മുടെ രൂപതയ്ക്ക് മൊത്തമായി നമ്മൾ സ്വീകരിച്ചിരിക്കുന്നത്. പങ്കാളിത്ത സ്വഭാവമുള്ള ആ ഘടനയിൽ പ്രവർത്തിക്കുന്ന ഓരോ സംഘങ്ങളും ഈ ഒരു പങ്കാളിത്തത്തിന്റെ ആഴത്തിലേക്ക് കടന്നു പോകേണ്ടതായിട്ടുണ്ട്. രൂപതാ പാസ്റ്ററൽ കൗൺസിൽ, ഇടവക അജപാലന സമിതി, ഇടവക ധനകാര്യ സമിതി, ഇടവക മുതൽ രൂപത വരെ പ്രവർത്തിക്കുന്ന ശുശ്രൂഷ സമിതികൾ ഇതെല്ലാം വചനത്താൽ കൂട്ടായ്മയിൽ ത്രസിക്കുമ്പോഴാണു തീഷ്ണതയുള്ള പ്രവർത്തകരായി മാറുന്നത്, ശുശ്രൂഷകരായി നമ്മൾ രൂപപ്പെടുന്നത്. ഇന്ന് നമ്മുടെ പ്രവർത്തനങ്ങളിൽ തീഷ്ണത മന്ദിഭവിച്ചിട്ടുണ്ടെങ്കിൽ അതിന് കാരണം കൂട്ടായ്മയിൽ അടിയുറച്ച ഒരു പങ്കാളിത്തത്തിലല്ല നാം ജീവിക്കുന്നത്. വചനമാണ് സമർപ്പണത്തിലേക്ക് നമ്മെ ആഹ്വാനം ചെയ്യുകയും

നയിക്കുകയും ചെയ്യുന്നത്. വചനത്തിനു സമർപ്പിതരാകുന്നവർ മറ്റുള്ളവരുടെ ശുശ്രൂഷയിലും തീഷ്ണതയുള്ളവരായി മാറുന്നു. വെളിപാട് പുസ്തകം മൂന്നാം അധ്യായം 15-16 വാക്യങ്ങൾ ഇവിടെ പ്രസക്തമാണ്: 'നീ ചൂടോ തണുപ്പോ ഉള്ളവൻ ആകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ചൂടോ തണുപ്പോ ഇല്ലാതെ മന്ദോഷ്ണനാകയാൽ നിന്നെ ഞാൻ എന്റെ വായിൽ നിന്നും തുപ്പിക്കളയും'. തീഷ്ണതയുടെ ഊർജ്ജം എന്ന് പറയുന്നത് ദൈവവചനം തന്നെയാണ്. ദൈവവചനത്താൽ നമ്മൾ നിറയുമ്പോൾ നമ്മുടെ ശുശ്രൂഷകൾ കൂടുതൽ കാര്യക്ഷമമാകും.

**പ്രേഷിതത്വം**

സഭയുടെ ഏകദൗത്യമായ സുവിശേഷ വൽക്കരണത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നതാണ് ഈ കൂട്ടായ്മയും പങ്കാളിത്തവും. സുവിശേഷങ്ങളിലേക്ക് നാം കടന്നു പോകുമ്പോൾ ഈ സുവിശേഷ അനുഭവം എന്നത് ത്രസിച്ചു നിൽക്കുന്ന ജീവനുള്ള ഒരു അനുഭവമായിട്ടാണ് നാം മനസ്സിലാക്കുന്നത്. നിർജീവ അവസ്ഥയിൽ നിന്നും ജീവനുള്ള അവസ്ഥയിലേക്കുള്ള ഒരു മാറ്റമായിട്ടാണ് ഈ സുവിശേഷ വത്ക്കരണത്തെ നമ്മൾ കാണുന്നത്. ബന്ധിതർക്ക് മോചനം, അന്ധർക്ക് കാഴ്ച, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യം, (വി.ലൂക്കാ 4:18). ഇതെല്ലാം നിർജീവ അവസ്ഥയിൽ നിന്നും ജീവനുള്ള അവസ്ഥയിലേക്ക് ഒരു വ്യക്തിയോ സമൂഹമോ നീങ്ങുന്ന ഒരു അനുഭവമാണ്. ലൂക്കാ സുവിശേഷം നാലാം അധ്യായം 16:20 ൽ നാം കാണുന്ന യേശുവിന്റെ കന്നിപ്രസംഗം മുതൽ കുരിശിലെ എല്ലാം പൂർത്തിയായി (വി.യോഹ. 19:30) എന്ന് പറഞ്ഞ ആ നിമിഷം വരെയുള്ള യേശുവിന്റെ ജീവിതത്തിൽ നാം കാണുന്നത് ജീവൻ പകർന്നു കൊടുക്കുന്ന ഒരു പ്രക്രിയയാണ്. അതുകൊണ്ടാണല്ലോ യോഹന്നാന്റെ സുവിശേഷം പത്താം അധ്യായം 10-ാം വാക്യത്തിൽ പറയുന്നത്:

'ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവൻ ഉണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്';

ലൂക്കായുടെ സുവിശേഷത്തിൽ യേശുവിൻറെ സമർപ്പണവുമായി ബന്ധപ്പെട്ട രണ്ട് വ്യക്തികളെ നമുക്ക് കാണാൻ സാധിക്കുന്നുണ്ട്, ശിമയോനും അന്നയും (വി.ലൂക്കാ 2:25-40). ഇവർ രണ്ടുപേരും ഇസ്രായേലിന്റെ ആശ്വാസം കാത്തിരിക്കുന്നവരായിരുന്നു എന്നാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഇസ്രായേലിന്റെ ആശ്വാസം എന്ന് പറയുമ്പോൾ ഇസ്രായേലിന്റെ രക്ഷകനെ കാത്തിരിക്കുന്നു എന്നാണ് അർത്ഥം. പ്രേഷിത ദൗത്യം വഴി 'കാത്തിരിക്കുന്ന' ഒരു സമൂഹത്തെ നമുക്കു കണ്ടെത്താൻ സാധിക്കണം. നമ്മുടെ ചുറ്റും രക്ഷയ്ക്കായി കൊതിക്കുന്ന, രക്ഷക്കായി ദാഹിക്കുന്ന, കാത്തിരിക്കുന്ന സമൂഹങ്ങളെയും വ്യക്തികളെയും നമുക്ക് കാണാൻ സാധിക്കും. അവരുടെ ഹൃദയ വികാരങ്ങളും അവരുടെ ആവശ്യങ്ങളും കണ്ടറിഞ്ഞ് അവരിലേക്ക് സുവിശേഷമായി ഇറങ്ങിപ്പോകുമ്പോഴാണ് ഈ ദൗത്യം പൂർത്തീകരിക്കപ്പെടുന്നത്.

കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ മൂന്ന് മാനങ്ങളിലൂടെ വിശ്വാസ രൂപീകരണ പ്രക്രിയയാണ് ഓരോ വ്യക്തിയിലും കുടുംബത്തിലും സമൂഹത്തിലും സംഭവിക്കുന്നത്. ഈ പ്രക്രിയ ഒരു ക്രിസ്തീയ സംസ്കാരത്തിന്റെ രൂപീകരണം ലക്ഷ്യമാക്കിയുള്ളതാണ്. ഒരു സംസ്കാരമെന്നത് ഒരു പ്രത്യേക പ്രവൃത്തി തുടർച്ചയായി അനുവർത്തിക്കുമ്പോൾ ഉണ്ടാകുന്നതാണ്. അപ്പോൾ തീർച്ചയായിട്ടും ഈ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്ന ഈ മൂന്ന് വിശ്വാസത്തിന്റെ മാനങ്ങൾ തുടർച്ചയായിട്ട് നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും നമ്മൾ യാഥാർത്ഥ്യമാക്കി തീർക്കുമ്പോഴാണ് ഒരു ക്രിസ്തീയസംസ്കാരം നമുക്ക് രൂപപ്പെടുത്തിയെടുക്കാനായിട്ട് സാധിക്കുന്നത്. ഈ സംസ്കാരം ആരംഭിക്കേണ്ടത് കുടുംബങ്ങളിൽ തന്നെയാണ്. കുടുംബങ്ങൾ ക്രിസ്തീയ മൂല്യങ്ങളിൽ അടിയുറച്ച് ജീവിക്കുവാൻ

സാധിക്കണം. അതിന് വിരുദ്ധമായി നമ്മൾ കാണുന്ന ഏറ്റവും വലിയ പ്രശ്നം ഇന്നത്തെ മാധ്യമ ലോകം തന്നെയാണ്. നമ്മുടെയും നമ്മുടെ മക്കളുടെയും ജീവിതത്തിലേക്ക് ഇന്ന് കടന്നുവരുന്നത് യേശുവിന്റെ വചനമോ യേശുവിന്റെ മൂല്യങ്ങളോ അല്ല എന്നത് നമുക്കറിയാം. ഇന്ന് ലോകം നമ്മെ മാടിവിളിക്കുന്നത് ലൗകികതയിൽ ജീവിക്കുവാൻ വേണ്ടിയാണ്. മാധ്യമ ലോകത്തെ നാം വിശുദ്ധീകരിച്ചില്ലെങ്കിൽ നമുക്ക് ഈ ഒരു സംസ്കാരം രൂപപ്പെടുത്താൻ സാധിക്കുകയില്ല. മാധ്യമലോകത്തെ വിശുദ്ധീകരിക്കണമെങ്കിൽ കുടുംബ പ്രാർത്ഥന അനിവാര്യമാണ്. പ്രാർത്ഥനയിലൂടെ മാത്രമേ തിന്മയുടെ ശക്തികളെ നേരിടുവാൻ നമുക്ക് സാധ്യമാവുകയുള്ളൂ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നമുക്ക് നൽകിയിരിക്കുന്ന ഏറ്റവും വലിയ നിർദ്ദേശമാണ് മാധ്യമ രഹിത മണിക്കൂർ. ഇത് ഗൗരവമായിട്ട് ഓരോ കുടുംബവും നടപ്പാക്കാൻ മനസാകുമ്പോൾ മാത്രമേ നമ്മുടെ കുടുംബങ്ങൾ വിശുദ്ധീകരിക്കപ്പെടുകയുള്ളൂ. അങ്ങനെ മാത്രമേ ഒരു ക്രിസ്തീയ സംസ്കാര രൂപപ്പെടുത്താൻ സാധിക്കൂ.

കുടുംബജീവിത വിശുദ്ധീകരണത്തിനു മദ്യരഹിത സമൂഹം അനിവാര്യമാണ്. മദ്യം ഉണ്ടാക്കുന്ന ദുരന്തങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് കുടുംബങ്ങളിൽ തന്നെയാണ്. കുടുംബങ്ങളെ മദ്യവിരുദ്ധ കുടുംബങ്ങളായി രൂപപ്പെടുത്തുമ്പോൾ മാത്രമേ മദ്യരഹിത സമൂഹ രൂപീകരണം യാഥാർത്ഥ്യമായി തീരുകയുള്ളൂ. തിന്മയുടെ ശക്തിയായ മദ്യത്തെ നമ്മുടെ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും നമുക്ക് മാറ്റി നിർത്താൻ സാധിക്കണം. അതിനു നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന അജപാലന - വിദ്യാഭ്യാസ - സാമൂഹ്യ - കുടുംബപ്രേഷിത - യുവജന - അൽമായ ശുശ്രൂഷകളും മീഡിയാ കമ്മിഷനും ഏകമനസ്സോടുകൂടി പരിശ്രമിക്കുമ്പോഴാണ് ഈ ലക്ഷ്യങ്ങൾ നമുക്ക് പ്രാപിക്കുവാൻ സാധിക്കുന്നത്. അതിനായി പ്രാർത്ഥനയിലൂടെ ശക്തി നാം പ്രാപിക്കണം.

# മുഖമൊഴി

**മോൺ. വി.പി. ജോസ്**
രൂപതാ ശുശ്രൂഷാ കോ- ഓർഡിനേറ്റർ

സിനഡാത്മക സഭാനവീകരണ വർഷത്തിൽ നിന്ന് ഊർജജം ഉൾക്കൊണ്ടു പുത്തൻ പ്രതീക്ഷകളോടെ പുതിയൊരു വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. കോവിഡ് ഉയർത്തിയ വെല്ലുവിളികളെ നാം അതിജീവിച്ചു എന്നു പറയുമ്പോഴും കോവിഡാനാന്തരം സമൂഹത്തിൽ വന്നു ഭവിച്ച പുതിയ വെല്ലുവിളികളെയും അതീവ ശ്രദ്ധയോടെ അതിജീവിക്കേണ്ടതായിട്ടുണ്ട്. വിശ്വാസ ജീവിതത്തിലും ക്രിസ്തീയ സംസ്കാരം കാത്തു സൂക്ഷിക്കുന്നതിലും പിന്നോട്ടു പോയപ്പോൾ ലഹരി വസ്തുക്കളുടെ ഉപയോഗവും മാധ്യമങ്ങളുടെ അമിത സ്വാധീനവും ധാർമ്മിക ജീവിതത്തെ തകിടം മറിക്കുന്ന അവസ്ഥ സംജാതമാവുകയും ചെയ്തു. ദിശാബോധത്തോടെയുള്ള പരിശീലനത്തിലൂടെയും അതുവഴി വചനത്തിലധിഷ്ഠിതമായ ജീവിതത്തിലൂടെയും മാത്രമേ ഇവയെ അതിജീവിക്കാനാവൂ. ഈ സാഹചര്യത്തിലാണ് നമ്മുടെ രൂപത 2023-24 വർഷം **'സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്'** എന്ന വിഷയം എടുത്തിരിക്കുന്നത്. 4 മേഖലകളിൽ ഊന്നൽ നൽകിക്കൊണ്ടായിരിക്കും ഈ വർഷത്തെ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടത്.

1. കുടുംബപ്രാർത്ഥന
2. ലഹരി വിമുക്തസമൂഹം
3. മാധ്യമങ്ങളുടെ ശരിയായ ഉപയോഗം
4. ക്രിസ്തീയ സംസ്കാര തനിമയിലേയ്ക്കുള്ള മടങ്ങിവരവ്

വിവിധ സമിതികൾ ഈ വിഷയങ്ങളെ അടിസ്ഥാനമാക്കി അജപാലന പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ കുടുംബം - ബി.സി.സി.-ഇടവകതല സിനഡുകളിൽ ഉയർന്നുവന്ന ആശയങ്ങളും നിർദ്ദേശങ്ങളും ഉൽക്കൊള്ളുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നാലു തലങ്ങളിലാണ് കർമ്മപരിപാടികൾ ആസൂത്രണം ചെയ്യേണ്ടത്.

1. ആദ്ധ്യാത്മിക - നവീകരണ പ്രവർത്തനങ്ങൾ
2. പഠന - പരിശീലന പ്രവർത്തനങ്ങൾ
3. സാമൂഹ്യക്ഷേമ - ജീവകാരുണ്യ - വിദ്യാഭ്യാസ പ്രവർത്തനങ്ങൾ
4. ആഘോഷ - വിനോദ പരിപാടികൾ

വരുന്ന വർഷം കൂട്ടായ്മ ശക്തിപ്പെടുത്തി പങ്കാളിത്തം വർദ്ധിപ്പിച്ച് പ്രേഷിതദൗത്യം ഏറ്റെടുത്ത് ക്രിസ്തുവിലേക്ക് കൂടുതൽ വളരുന്നവരാകാം.

## പൊതുനിർദ്ദേശങ്ങൾ

**1 പദ്ധതി തയ്യാറാക്കൽ :**

**1.1** എല്ലാ ഇടവകകളും ഉപഇടവകകളും പദ്ധതി തയ്യാറാക്കണം.

**1.2** രൂപത നൽകിയിരിക്കുന്ന നിർദ്ദിഷ്ടഫോറത്തിലായിരിക്കണം പദ്ധതികൾ തയ്യാറാക്കേണ്ടത്.

**1.3** ഒരോ ശുശ്രൂഷയും അതിലെ കമ്മിഷനുകളും പ്രത്യേകം പ്രത്യേകം പദ്ധതികൾ തയ്യാറാക്കണം

**1.4** ഇടവകയ്ക്കുള്ള പൊതുവായ പദ്ധതി ഇടവക അജപാലന സമിതി രൂപീകരിക്കണം

**1.5** ഇടവക ബജറ്റ് ഇടവക ധനകാര്യ സമിതി തയ്യാറാക്കണം

**1.6** ഇടവക കലണ്ടർ തയ്യാറാക്കുന്നത് ഇടവകയിലെയും

ശുശ്രൂഷകളിലെയും എല്ലാ പ്രവർത്തനങ്ങളും ഒത്തുചേർത്തു കൊണ്ട്, ഇടവക അജപാലന സമിതി ആയിരിക്കണം.

**1.7** ഇടവകകൾക്ക് പദ്ധതി നടപ്പിലാക്കാനായി രണ്ടാമത്തെയും മൂന്നാമത്തെയും ശനിയും ഞായറും ഒഴികെയുള്ള ദിവസങ്ങളാണ് നൽകിയിട്ടുള്ളത്. രണ്ടാമത്തെ ശനിയും ഞായറും രൂപതാ പരിപാടികൾക്കും മൂന്നാമത്തെ ശനിയും ഞായറും ഫൊറോന പരിപാടികൾക്കുമായി മാറ്റിവച്ചിട്ടുള്ളതാണ്. അതിനാൽ ഇടവകകൾ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഫൊറോന-രൂപത- പരിപാടികൾക്കായി മാറ്റിവച്ചിരിക്കുന്ന ദിവസങ്ങൾ ഒഴിവാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**2 പദ്ധതി തയ്യാറാക്കുന്ന രീതി**

**2.1.** ഇടവകയിൽ ഇടവക വികാരിയുടെ നേതൃത്വത്തിൽ ബി.സി.സി.യിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട എല്ലാ ശുശ്രൂഷാ ഭാരവാഹികളും (8 അംഗങ്ങൾ) ഇടവകയിലെ വിവിധ ശുശ്രൂഷാ സമിതി അംഗങ്ങളും ഒരുമിച്ചു കൂടുകയും **സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്** എന്ന വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുകയും പദ്ധതി രൂപീകരണ മാർഗ്ഗരേഖ അവതരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

**2.2.** തുടർന്ന് ഓരോ ശുശ്രൂഷകൾക്കായും ബി.സി.സി. കളിൽ നിന്നുംതെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അതാത് ശുശ്രൂഷയുടെകീഴിൽ ഒത്തുചേർന്ന് പദ്ധതികൾ രൂപീകരിക്കേണ്ടതാണ്(ബി.സി.സി. ലീഡേഴ്സ്, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബ പ്രേഷിതത്വം, യുവജനം, അൽമായം) ദൈവവിളി അജപാലന ശുശ്രൂഷയും മാധ്യമം അജപാലനസമിതി നേരിട്ടും തയ്യാറാക്കേണ്ടതാണ്.

**2.3.** പദ്ധതി രൂപീകരിക്കുമ്പോൾ ഈ വർഷം ഊന്നൽ നൽകുന്ന കുടുംബപ്രാർത്ഥന, ലഹരി വിരുദ്ധ സമൂഹം,

മാധ്യമം, ക്രിസ്തീയ സംസ്കാരം എന്നിവയ്ക്കു വേണ്ട പ്രാധാന്യം നൽകേണ്ടതാണ്.

**2.4.** ശുശ്രൂഷകൾക്കായി രൂപീകരിച്ച പദ്ധതികൾ ഇടവക കൗൺസിൽ ഇടവക പദ്ധതിയുമായി ഒത്തുചേർത്ത് ഇടവകയുടെ പൊതുവായ പദ്ധതിയ്ക്ക് രൂപം നൽകണം.

**2.5.** ഇടവക ബജറ്റ് ധനകാര്യ സമിതി തയ്യാറാക്കേണ്ടതാണ്.

**3. പദ്ധതി അവതരണം**

**3.1** മുൻകൂട്ടി തയ്യാറാക്കുന്ന പദ്ധതികൾ മാർച്ച് 12-ാം തീയതി ഞായറാഴ്ചയോ അതിനുമുമ്പോ ഇടവക അജപാലന സമിതിയിൽ അവതരിപ്പിച്ച് പാസാക്കണം.

**3.2** തയ്യാറാക്കിയ പ്ലാനും ബഡ്ജറ്റും താഴെപ്പറയുന്ന തീയതികളിൽ അതാത് ഫൊറോന സെന്ററുകളിൽ അവതരിപ്പിക്കേണ്ടതാണ്.

| | |
|---|---|
| 19.03.'03, Sun, 2 pm | ബാലരാമപുരം, നെയ്യാറ്റിൻകര, വ്ളാത്താങ്കര, പാറശ്ശാല, പെരുങ്കടവിള |
| 26.03.'03, Sun, 2 pm | കാട്ടാക്കട, കട്ടയ്ക്കോട്, ആര്യനാട്, നെടുമങ്ങാട്, ചുള്ളിമാനൂർ |
| 02.04.'03, Sun, 2 pm | ഉണ്ടൻകോട് |

**3.3** ഇടവകതല പ്ലാൻ & ബജറ്റ്, ഇടവക കലണ്ടർ എന്നിവയുടെ നാല് കോപ്പി തയ്യാറാക്കുകയും ഒരു കോപ്പി ഇടവകയിൽ സൂക്ഷിക്കേണ്ടതും മൂന്നുകോപ്പി ഫൊറോനയിൽ ഏൽപ്പിക്കേണ്ടതുമാണ്. ആയത് പരിശോധനയ്ക്ക് വിധേയമാക്കി ഒരു കോപ്പി ഫൊറോനയിലും മറ്റൊരെണ്ണം റീജണൽ കോ-ഓർഡിനേറ്ററുടെ ഓഫീസിലും മറ്റൊന്ന് രൂപതാ ശുശ്രൂഷാ കോ-ഓർഡിനേറ്ററിന്റെഓഫീസിലും എത്തിക്കണം.

## 4 ഇടവകതല പദ്ധതി അവതരണത്തിൽ പങ്കെടുക്കേണ്ടവർ

- ഫൊറോന വികാരി
- ഇടവക വികാരിമാർ
- ആനിമേഷൻ ടീം
- ഇടവക ബി.സി.സി. കോ-ഓർഡിനേറ്റർമാർ
- ഇടവക അജപാലന സമിതി സെക്രട്ടറി
- ഇടവക ധനകാര്യ സമിതി അകൗണ്ടന്റ്
- അജപാലന - വിദ്യാഭ്യാസ - സാമൂഹ്യ - കുടുംബ പ്രേഷിത - യുവജന - അൽമായ ശുശ്രൂഷാ സമിതികളിലെ സെക്രട്ടറിമാർ
- സിസ്റ്റർ പ്രതിനിധികൾ
- കെ.എൽ.സി.എ. പ്രസിഡന്റ് / സെക്രട്ടറി
- കെ.എൽ.സി.ഡബ്ല്യൂ.എ. പ്രസിഡന്റ് / സെക്രട്ടറി
- ഡി.സി.എം.എസ്. പ്രസിഡന്റ് / സെക്രട്ടറി
- ഭക്തസംഘടന പ്രതിനിധികൾ
- കെ.സി.വൈ.എം. പ്രസിഡന്റ് / സെക്രട്ടറി

# അടിസ്ഥാന ക്രൈസ്തവ സമൂഹം

**ഫാ. കിഷോർ ആർ.ജെ.**
എക്സിക്യൂട്ടീവ് സെക്രട്ടറി

**നിർദ്ദേശങ്ങൾ : ബിസിസിതലം**

1. എല്ലാ യൂണിറ്റുകളും വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണ്.
2. രണ്ട് ആഴ്ചയ്ക്ക് ഒരിക്കൽ കുടുംബ യൂണിറ്റു യോഗങ്ങൾ നടത്തണം.
3. മീറ്റിംഗുകളിൽ ഇരിക്കുന്നത് വൃത്താകൃതിയിൽ ആയിരിക്കും
4. കുടുംബ യോഗങ്ങൾക്ക് തിരുസ്വരൂപങ്ങൾ ഉപയോഗിക്കാൻ പാടില്ല.
5. എല്ലാ യൂണിറ്റുകളും വാർഷികം നടത്തണം (രണ്ടോ മൂന്നോ യൂണിറ്റുകൾ ചേർന്ന് നടത്തുന്നത് കൂടുതൽ ഉചിതം)
6. എല്ലാ വീടുകളിലും ബി.സി.സി. നടത്തപ്പെടുന്നു എന്ന് ഉറപ്പുവരുത്തണം.
7. ഇടയ്ക്കിടെ 8 ലീഡർമാരും ചേർന്ന് ഭവനസന്ദർശനം നടത്തേണ്ടതാണ്.
8. ഓരോ യോഗവും നടക്കുമ്പോൾ ഏത് വീട്ടിൽ വച്ചാണോ കുടുംബയോഗം നടത്തുന്നത് ആ വീട്ടുകർ മറ്റുള്ളവരെ വ്യക്തിപരമായി യോഗത്തിന് ക്ഷണിക്കേണ്ടതാണ്.
9. അനാഥാലയ / വൃദ്ധ സദനങ്ങൾ സന്ദർശിക്കുന്നതും തീർത്ഥയാത്രകൾ നടത്തുന്നതും യൂണിറ്റിനെ ശക്തിപെടുത്തുവാൻ സഹായിക്കും.

10. ഇടയ്ക്കിടെ ഇടവക റിസോഴ്സ് ടീമിനെ ഉപയോഗിച്ചു കൊണ്ട് ബി.സി.സി. തലത്തിലോ രണ്ടോ മൂന്നോ ബി.സി.സി.കൾ ചേർന്നോ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്.

11. യൂണിറ്റ് ഭാരവാഹികൾ 3 മാസത്തിലൊരിക്കൽ ഒരിക്കലെങ്കിലും (പ്രത്യേകിച്ച് വാർഷികം, യോഗങ്ങൾ ഇവ സംഘടിപ്പിക്കുമ്പോൾ) ഒരുമിച്ച് ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ മെച്ചമായ രീതിയിൽ യോഗങ്ങൾ എങ്ങനെ നടത്താം എന്ന് ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ചെയ്യുക.

**ഇടവകതലം**

1. ഇടവകയിലെ മുഴുവൻ ബി.സി.സി. കളെയും സജീവമാക്കുവാനുള്ള ഒരു വാർഷിക പദ്ധതി തയ്യാറാക്കേണ്ടതാണ്.
2. കുടുംബ - ബി.സി.സി. - ഇടവക തലങ്ങളിൽ നടന്ന സിനഡുകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
3. എല്ലാ മാസവും (രണ്ട് മാസത്തിലൊരിക്കലെങ്കിലും) ലീഡേഴ്സ് മീറ്റിംഗ് നടത്തേണ്ടതും ബി.സി.സി. - ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും വിവിധ ശുശ്രൂഷ സമിതികളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ച് വിലയിരുത്തേണ്ടതാണ്.
4. രണ്ട് മാസത്തിലൊരിക്കൽ ബി.സി.സി. കമ്മിഷൻ മീറ്റിംഗ് (പ്രധാന ലീഡർമാരുടെ യോഗം) നടത്തേണ്ടതാണ്.
5. ലീഡേഴ്സ് മീറ്റിംഗ് കൂടുമ്പോൾ അര മണിക്കൂർ പഠനത്തിനായി നീക്കി വയ്ക്കേണ്ടതാണ്. റിസോഴ്സ് ടീമിനെ ഫൊറോന തലത്തിൽ സജ്ജമാക്കുന്നതാണ്.

6. രൂപതയിൽ നിന്നും നൽകുന്ന കൂട്ടായ്മ ബോധിനി എല്ലാ ബി.സി.സി. കളിലും ഉണ്ടെന്നും അതാത് മാസത്തെ പ്രാർത്ഥനകളും പ്രവർത്തനങ്ങളും കൃത്യമായി നടക്കുന്നു എന്നും ഉറപ്പുവരുത്തേണ്ടതാണ്.

7. ഇടവക തലത്തിൽ ഒരു റിസോഴ്സ് ടീം രൂപീകരിക്കേണ്ട താണ്. ഈ ടീമിന് ഫൊറോന തലത്തിൽ പരിശീലനം നൽകുന്നതാണ്. ഈ ടീം രൂപത/ഫൊറോന നിർദ്ദേശിക്കു മ്പോഴും യൂണിറ്റുകൾ ആവശ്യപ്പെടുമ്പോഴും യൂണിറ്റുകളിൽ ക്ലാസ് എടുക്കേണ്ടതാണ്.

8. എല്ലാ ബി.സി.സി.കളിലും വാർഷികങ്ങൾ നടക്കുന്നു എന്ന് ഉറപ്പുവരുത്തുക.

9. ഇടവകതലത്തിൽ ബി.സി.സി. വാർഷികം നടത്തുക.

10. ഇടവകതലത്തിൽ ലീഡർമാരുടെ ഭവന സന്ദർശനത്തിന് വേണ്ട പദ്ധതികൾ രൂപീകരിക്കുക.

**ഫൊറോനതലം**

1. മാസം തോറും ഫൊറോനതല മീറ്റിംഗ് നടത്തേണ്ടതും ഇടവക, ഫൊറോനതല പ്രവർത്തനങ്ങൾ വിലയിരുത്തേണ്ട തുമാണ്.

2. ഫൊറോന തലത്തിൽ വൈദികരും അൽമായരും അടങ്ങുന്ന ഒരു റിസോഴ്സ് ടീം രൂപീകരിക്കേണ്ടതാണ്. ടീമിനുള്ള പരിശീലനം രൂപത നൽകുന്നതായിരിക്കും. ഈ ടീം ഇടവക തലത്തിൽ നടത്തുന്ന ലീഡേഴ്സ് മീറ്റിംഗിൽ ഇടവക വികാരിയുടെ അനുവാദത്തോടെ ക്ലാസ് എടുക്കേണ്ടതാണ്.

3. ഫൊറോന ബി.സി.സി. കൺവെൻഷൻ നടത്തേണ്ടതാണ്.

4. ഇടവക ബി.സി.സി. പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ വേണ്ട പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുക.

# മീഡിയ കമ്മിഷൻ

**ഫാ. ജസ്റ്റിൻ ഡൊമിനിക്**, ഡയറക്ടർ

Mob: 7306393399

### *വിഷയം ഃ സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്*

1. സിനഡാത്മകത വശ്വാസ വളർച്ചയ്ക്ക് എന്നതുമായി ബന്ധപ്പെട്ട ആശയങ്ങളെ താഴെത്തട്ടുവരെ എത്തിക്കുന്ന തിനായുള്ള മാർഗങ്ങൾ കണ്ടെത്തുകയും പ്രാവർത്തിക മാക്കുകയും ചെയ്യുക.
2. രൂപതാ മീഡിയ കമ്മീഷന്റെ നിർദ്ദേശങ്ങളനുസരിച്ച് ''ഇടവകതല മീഡിയ യൂണിറ്റുകൾ'' സ്ഥാപിക്കുക.
3. കേരള സഭയെ അറിയാൻ എന്റെ വീട്ടിലും ജീവനാദം പദ്ധതി നടപ്പിലാക്കുക (എല്ലാ ഭവനങ്ങളിലും ജീവനാദം എത്തിക്കുക)
4. നെയ്യാറ്റിൻകര രൂപതയുടെ പാരീഷ് മാനേജ്മെന്റ് സോഫ്റ്റ്വെയർ ''നെഡ്പാംസോ'' യിൽ സമയബന്ധിത മായി എല്ലാവരെയും അണിചേർക്കുക (രൂപതയിൽ ഉടനെ ഓൺലൈൻ സർവീസുകൾ നിർബന്ധമായും നടപ്പിലാക്കുന്നുതാണ്).
5. ''ഇടവക ബുള്ളറ്റിൻ'' എന്ന ആശയം നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. (ഡിജിറ്റൽ പാരീഷ് ബുള്ളറ്റിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്).
6. നെയ്യാറ്റിൻകര മീഡിയ കമ്മീഷന്റെ യൂട്യൂബ് ചാനലുകൾ സബ്സ്ക്രൈബ് ചെയ്യുക, കാണുക, പ്രചരിപ്പിക്കുക

(വാർത്തകൾ അറിയാൻ സാൻജോ ന്യൂസ് നെയ്യാറ്റിൻകര എന്ന ചാനലും, മറ്റ് അനുദിന പരിപാടികൾക്കുമായി സാൻജോ കമ്മ്യൂണിക്കേഷൻസ് എന്ന ചാനലും ഉപയോഗിക്കുക.

**ഫൊറോനതല പ്രവർത്തനങ്ങൾ**

1. 2023 ഡിസംബറോടുകൂടി നെയ്യാറ്റിൻകര രൂപതയുടെ പാരീഷ് മാനേജ്മെന്റ് സോഫ്റ്റ് വെയറായ "നെഡ് പാംസോ"യിൽ ഫോറോനയിലെ എല്ലാവരെയും അംഗങ്ങളാക്കിയെന്ന് ഉറപ്പുവരുത്തുക (രൂപതയിൽ ഉടനെ ഓൺലൈൻ സർവ്വീസുകൾ നിർബന്ധമായും നടപ്പിലാക്കുന്നതാണ്).
2. 2023 ജൂൺ മാസത്തോടുകൂടി "ഇടവകാതല മീഡിയ യൂണിറ്റു"കൾ സ്ഥാപിച്ചുവെന്ന് ഉറപ്പുവരുത്തുക.
3. 2023 സെപ്തംബറോടുകൂടി എല്ലാ വീടുകളിലും ജീവനാദം എത്തപ്പെട്ടുവെന്ന് ഉറപ്പുവരുത്തുക.
4. സാൻജോ ന്യൂസ് നെയ്യാറ്റിൻകര, സാൻജോ കമ്മ്യൂണിക്കേഷൻസ് എന്നീ യൂട്യൂബ് ചാനലുകളുടെ സബ്ക്രിപ്ഷൻ, പ്രചരണം, ജനകീയത തുടങ്ങിയ കാര്യങ്ങൾ നിശ്ചിത ഇടവേളകളിൽ രൂപതാ മീഡിയാ കമ്മീഷന്റെ നിർദ്ദേശങ്ങളനുസരിച്ച് വിലയിരുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
5. ഏകദിന മീഡിയാവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കുക. (വർഷത്തിൽ ഒന്നെങ്കിലും)

# അജപാലന ശുശ്രൂഷ

**ഫാ. ജോയി സാബു വൈ,** ഡയറക്ടർ
9495120099

joysabu@gmail.com

### *വിഷയം : സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്*

**പദ്ധതി രൂപീകരണത്തിനുള്ള ചില നിർദ്ദേശങ്ങൾ :**

1. സഭയുടെ പ്രധാന ദൗത്യമായ സുവിശേഷവത്ക്കരണത്തിന് പ്രാധാന്യം നൽകുന്ന തരത്തിൽ പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്
2. വിശ്വാസ രൂപീകരണത്തിന് ആവശ്യമായ ഉപദേശക സമിതികൾ പുരോഹിതരുടെയും സന്യസ്തരുടെയും അൽമായ പ്രേഷിതരുടേയും സഹായത്തോടെ രൂപീകരിക്കുന്നത് നല്ലതാണ്
3. കുട്ടികളുടെ ജീവിതത്തിൽ വിശ്വാസം പകരുന്നത് മാതാപിതാക്കളായതിനാൽ മാതാപിതാക്കൾക്ക് ആവശ്യമായ വിശ്വാസ രൂപീകരണ പരിശീലന പഠന പദ്ധതികൾ രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്
4. സിനഡാത്മക സഭ മറ്റുള്ളവരിലേയ്ക്ക് ഇറങ്ങിചെല്ലുന്ന സഭയാണ്. അതുകൊണ്ടുതന്നെ മുറിവേറ്റവർ, രോഗികൾ, അശരണർ, എന്നിവരെ പരിഗണിക്കുന്ന തരത്തിലുള്ള റീച്ചൗട്ട് പദ്ധതികൾ വിഭാവനം ചെയ്യുക
5. കൂദാശകൾ, ആരാധന എന്നിവയിൽ അറിവും അനുഭവവും നൽകുന്ന പരിശീലനങ്ങളും പഠനങ്ങളും ക്ലാസ്സുകളും നൽകുക
6. സിനഡാത്മക പ്രവർത്തനങ്ങളിൽ ഉപദേശിമാരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ഭവനസന്ദർശനങ്ങൾ നടത്തി ഇടവക വികാരിമാർക്ക് റിപ്പോർട്ട് നൽകുന്ന തരത്തിലുള്ള പദ്ധതികൾ രൂപീകരിക്കുക

7. സഭയെക്കുറിച്ചും സഭൈക്യത്തെക്കുറിച്ചും വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് അറിവ് നൽകുന്ന സെമിനാർ, ഡിബേറ്റ്, ചർച്ച, പ്രദർശനങ്ങൾ, ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിക്കുകയും രൂപതയിൽ റിപ്പോർട്ട് നൽകുകയും ചെയ്യുക

8. ക്രിസ്ത്യൻ സംസ്ക്കാരം ബോധ്യമാക്കുന്ന തരത്തിൽ അറിയിപ്പുകൾ, ചിത്രങ്ങൾ, ലഘുലേഖകൾ, ചിത്രീകരണ ങ്ങൾ, പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ച് രൂപതയിൽ വാർത്തയും റിപ്പോർട്ടും എത്തിക്കുക

9. സിനഡാത്മക സഭ രൂപീകരണത്തിന്റെ കേന്ദ്രം ദിവ്യകാരുണ്യമാണ്. കുട്ടികളുടെ നേതൃത്വത്തിലും പങ്കാളിത്തത്തോടും ഓരോ ഇടവകയിലും മൂന്നു ദിവ്യകാരുണ്യ ആരാധന എങ്കിലും നടത്തി ദിവ്യകാരുണ്യ കേന്ദ്രീകൃത ജീവിത അനുഭവം പകരുക. വാർത്തയും റിപ്പോർട്ടും രൂപതയിൽ എത്തിക്കുക.

10. ദൈവവചനത്തിൽ നിന്നും കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നിവയുടെ മാതൃകകൾ വ്യക്തമാക്കുന്ന ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിക്കുക.

11. മാതാപിതാക്കൾക്കും ജ്ഞാനമാതാപിതാക്കൾക്കും കൗദാശിക ജീവിതത്തെക്കുറിച്ച് ആവശ്യമായ രൂപീകരണം, പഠനം, ഒരുക്കം നൽകുക

12. മാതാപിതാക്കൾക്ക് കുട്ടികളുടെ ജ്ഞാനസ്നാനാനന്തര വിശ്വാസ പരിശീലനത്തിന് സഹായം നൽകുന്നതിനു വേണ്ട പദ്ധതികൾ രൂപീകരിക്കുക

13. രണ്ടാം വത്തിക്കാൻ കൗൺസിലിലെ ആരാധനയെ ക്കുറിച്ചുള്ള പ്രമാണ രേഖ, ആചാരങ്ങൾ, റോമൻ ദിവ്യപൂജാ ഗ്രന്ഥത്തിലെ പൊതു നിർദ്ദേശങ്ങൾ എന്നിവ മതബോധനം, ലിറ്റിൽവേ, യുവജനങ്ങൾ, മാതാപിതാക്കൾ എന്നിവർക്ക് നൽകുന്ന പദ്ധതികൾ രൂപീകരിക്കുക.

14. നാം സോദരർ, ലൗദാത്തേസി എന്നിവയെക്കുറിച്ച് അറിവ് നൽകുന്ന ക്ലാസ്സുകൾ, ചർച്ചകൾ സംഘടിപ്പിച്ച് റിപ്പോർട്ടായി സൂക്ഷിക്കുക.

# മതബോധന കമ്മിഷൻ

ഫ്രാൻസി അലോഷ്യസ്
ആനിമേറ്റർ, 9995020654

**ഫാ. ആർ.പി. റോബിൻ രാജ്,**
എക്സി. സെക്രട്ടറി, 9746627313

## നിർദ്ദേശങ്ങൾ

1. അനുദിന ബലിയിൽ കൃത്യമായി പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുക.
2. എല്ലാദിവസവും വിശുദ്ധഗ്രന്ഥം വായിക്കുക.
3. കുടുംബപ്രാർത്ഥനയിൽ ഭക്തിയോടെ പങ്കെടുക്കുക.
4. വിദ്യാഭ്യാസത്തോടൊപ്പം വിശ്വാസ പരിശീലനത്തിനും സമയം കണ്ടെത്തുക
5. പഠനത്തിന് മുമ്പ് വിശുദ്ധ ഗ്രന്ഥവായനയും പ്രാർത്ഥനയും ശീലമാക്കുക
6. സിനഡാത്മകത:പങ്കാളിത്തം, പ്രേഷിതത്വം, കൂട്ടായ്മ എന്നതിനെക്കുറിച്ച് ക്ലാസ്സുകൾ, സെമിനാറുകൾ, പഠനങ്ങൾ എന്നിവ നൽകുക
7. മുതിർന്നവരെയും അധ്യാപകരെയും അനുസരിക്കുക
8. മതബോധന അധ്യാപകർ ഒരുക്കത്തോടെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുക
9. ബി. സി. സി പങ്കാളിത്തം വർദ്ധിപ്പിക്കുക
10. ദൈവാലയത്തിനുള്ളിൽ അച്ചടക്കവും പെരുമാറ്റവും ശ്രദ്ധിക്കുക.

## ഇടവക, ഫൊറോന, റീജിയണൽ, രൂപതാതലം.

1. ക്രിസ്ത്യൻ സംസ്ക്കാരങ്ങളെകുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുക
2. വി. എഫ്.എഫ് അർത്ഥവത്തായി ക്രമീകരിക്കുക
3. ഫൊറോന റീജിയണൽ തലങ്ങളിൽ മതബോധന വിദ്യാർത്ഥികൾക്ക് വേണ്ടി സംഗമങ്ങൾ നടത്തുകയും ലഹരി വിമുക്ത സമൂഹത്തെക്കുറിച്ച് പഠിപ്പിക്കുകയും ചെയ്യുക

4. അധ്യാപക സെമിനാറുകളിൽ ലഹരി വിമുക്ത സമൂഹ ജീവിതം പൊതു വിഷയങ്ങൾ ആക്കുക
5. എല്ലാ മതബോധന വിദ്യാർത്ഥികൾക്കും സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ നൽകുക

## ബൈബിൾ കമ്മിഷൻ

സുനിൽ ഡി.ജെ. **ഫാ. അരുൺ രാജ് ഡി.പി.**

ആനിമേറ്റർ, 9446177295 എക്സി. സെക്രട്ടറി, 9544919692

**രൂപത തല പ്രവർത്തനങ്ങൾ**

1. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്
2. ലോഗോസ് ക്വിസ്
3. ബൈബിൾ പകർത്തിയെഴുത്ത്
4. ബൈബിൾ കലോത്സവം
5. ബൈബിൾ വായന
6. ബൈബിൾ വാരാഘോഷം
7. ദൈവവചന ദിനാഘോഷം

**ഫൊറോന ഇടവക തല നിർദ്ദേശങ്ങൾ**

1. ഇടവകകളിൽ ദൈവവചനം പകരുന്ന പ്രോഗ്രാമുകൾ ഒരുക്കുക
2. ബൈബിൾ എക്സിബിഷനുകൾ സംഘടിപ്പിക്കുക
3. ബൈബിളിനെ അടുത്തറിയാനുള്ള ക്ലാസ്സുകൾ ക്രമീകരിക്കുക
4. ഞായറാഴ്ച പോലെ ആഴ്ചയിൽ ഒരുദിവസം ഇടവക വികാരിയുടെ അനുവാദത്തോടെ വചനപഠന ആരാധന ക്രമീകരിക്കുക
5. ആത്മീയ പരമായ കാര്യങ്ങളിൽ ഒത്തുകൂടുമ്പോൾ ദൈവ വചനം വായിച്ച് പ്രാർത്ഥനയിലേയ്ക്ക് പോകണം
6. വ്യക്തിപരമായി പ്രഭാതത്തിലും, രാത്രിയിലും ബൈബിൾ

ഭാഗം വായിക്കുകയും കുടുംബപ്രാർത്ഥനയിൽ കുട്ടികൾക്ക് പുതിയ നിയമ വായനയും മുതിർന്നവർ പഴയ നിയമഭാഗവും വായിച്ച് അർത്ഥം പരസ്പരം പങ്ക് വയ്ക്കാം

7. സുവിശേഷ ഭാഗങ്ങൾ ക്രിയേറ്റീവായി പഠിച്ച് അവതരിപ്പിക്കാൻ മതബോധന കുട്ടികൾക്ക് ഇടവകയിൽ സാഹിത്യ സമാജങ്ങളിൽ അവസരങ്ങൾ നൽകാം

8. ഓരോ ഇടവകയിലും ആഴ്ചയിൽ ഒരിക്കൽ വൈകുന്നേരങ്ങളിൽ ഇടവക ജനങ്ങൾ വൈദികനുമായി ഒന്നിച്ച് കൂടി ബൈബിൾ വായിക്കാനും സംശയങ്ങൾ തീർക്കാനുമുള്ള അവസരം നൽകാം

9. ബി. സി. സി തലങ്ങളിൽ അവധി ദിവസങ്ങളിൽ കുട്ടികൾ, വയസായവർ ഉള്ള ഭവനങ്ങൾ പോയി ബൈബിൾ ഭാഗങ്ങൾ വായിച്ച് നൽകുന്നതിനും വയസായവർ പറയുന്ന കഥകൾ കേൾക്കാനുമുള്ള അവസരങ്ങൾ ഒരുക്കാം.

10. ലോഗോസ് പരിശീലനം കുടുംബങ്ങങ്ങളിൽ ആരംഭിക്കുക.

11. ഇടവക ഒരു ഗ്രൂപ്പായി ലോഗോസ് പരിശീലന പാഠ്യ പദ്ധതി തയ്യാറാക്കുക

12. തിരുനാളുകളിൽ സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുക

13. മതബോധന ക്ലാസ്സ് ആരംഭിക്കുന്ന അന്നു മുതൽ ഇടവകയിലെ ഓരോ വ്യക്തികൾക്കും പത്തു മാസം കൊണ്ട് സമ്പൂർണ്ണ ബൈബിൾ വായിച്ച് തീരുന്ന രീതിയിൽ ബൈബിൾ വായന ഭാഗങ്ങൾ നൽകുക.

14 ഇടവകയിൽ ബൈബളിലെ ഓരോ പുസ്തകങ്ങളെക്കുറിച്ചുള്ള ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനം നൽകുക

15 ജ്ഞാനസ്നാനം, വിവാഹം എന്നിവയ്ക്ക് ബൈബിൾ സമ്മാനമായി നൽകുക

16 എല്ലാ വ്യക്തികൾക്കും ബൈബിൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക

17. ദൈവാലയത്തിലെ ആരാധനയ്ക്കുള്ള വചന പ്രഘോഷണ ഭാഗങ്ങൾ വായിച്ച് പരിശീലിപ്പിക്കുക

18 ഒരു ദിവസം ഒരു വചനം ഹൃദ്ദിസ്ഥമാക്കുന്ന തരത്തിൽ വചന ഭാഗങ്ങൾ ഇടവക ഗ്രൂപ്പുകളിൽ നൽകുകയും ബൈബിൾ മാസത്തിൽ ഈ വചനങ്ങൾ മനപാഠമായി എഴുതിപ്പിക്കുകയും ഏറ്റവും കൂടുതൽ വചനം തെറ്റാതെ എഴുതുന്ന വ്യക്തിക്ക് അർഹമായ ആദരം നൽകുക

19 ബൈബിൾ പ്രേക്ഷിതത്വം ശക്തിപ്പെടുത്തുവാൻ കേരള ബൈബിൾ സൊസൈറ്റി അംഗത്വം ഉറപ്പുവരുത്തുക.

## ആരാധന കമ്മീഷൻ

| | |
|---|---|
| മല്ലിക ബി | **ഫാ. അജു അലക്സ്** |
| ആനിമേറ്റർ, 9995313710 | എക്സി. സെക്രട്ടറി, 7025989431 |

**പ്രവർത്തനങ്ങൾ**

* എല്ലാമാസവും മീറ്റിംഗ് കൂടുന്നതായി ഉറപ്പുവരുത്തുക
* അൾത്താര ബാലകർ, ഗായകസംഘം എന്നിവരുടെ പരിശീലനം നടത്തുക
* ആരാധന സജീവമാക്കുന്നതിനുവേണ്ട സെമിനാറുകൾ സംഘടിപ്പിക്കുക
* ആരാധനയുമായി ബന്ധപ്പെട്ട് രൂപത നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുക
* അൾത്താരബാലകരുടെ വിശ്വാസ വളർച്ചയ്ക്ക് പ്രത്യേക പ്രാധാന്യം നൽകുക
* പഠനത്തോടൊപ്പം പ്രാർത്ഥനയ്ക്കും പ്രാധാന്യം നൽകുക
* അനുദിന ദിവ്യബലിയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക
* രോഗികളുടെയും വാർദ്ധക്യസഹജമായ ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെയും കൂദാശ ജീവിതത്തിൽ പ്രത്യേക പരിഗണന നൽകുക

* മീഡിയായുടെ ശരിയായ ഉപയോഗത്തെക്കുറിച്ച് പരിശീലനം നൽകുക
* ആരാധനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ യുവജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക.

## കുട്ടികളുടെ കമ്മിഷൻ

ജോഫ്രി ജെ. **ഫാ. രതീഷ് മാർക്കോസ്**
ആനിമേറ്റർ, 9526121913 എക്സി.സെക്രട്ടറി, 8943471974

* ലിറ്റിൽവേ ആനിമേറ്റർമാരുടെയും കുട്ടികളുടെയും രൂപത സംഗമം
* രൂപതതലത്തിൽ റിസോഴ്സ് ടീം പരിശീലനവും രൂപീകരണവും
* രൂപതയിലെ മുഴുവൻ ഇടവക/ഉപഇടവകകളിലും ലിറ്റിൽവേ യൂണിറ്റുകൾ രൂപീകരിക്കുന്നു
* കുട്ടികൾക്കായി ഫൊറോനതല ബോധവൽക്കരണവും ഏകദിന പരിശീലന പരിപാടിയും സംഘടിപ്പിക്കുക
* ഫൊറോന തലത്തിൽ ലഹരിവിമുക്ത പോസ്റ്റർ പ്രദർശനങ്ങൾ
* ഇടവക തലത്തിൽ ലിറ്റിൽവേ യൂണിറ്റ് തല ലഹരിമുക്ത ബോധവത്ക്കരണ പരിപാടികൾ

## സുവിശേഷവത്ക്കരണ കമ്മിഷൻ

സിൽവെസ്റ്റർ ഡി ഫാ. ജോസഫ് ഷാജി
ആനിമേറ്റർ, 9495719496 എക്സി. സെക്രട്ടറി, 9995412660

**രൂപതാതല പ്രവർത്തനങ്ങൾ**

* ഉപദേശിമാരുടെ വാർഷിക ധ്യാനം
* ഏകദിന സെമിനാർ
* പഠനം- നവമാധ്യമങ്ങളും കുടുംബപ്രാർത്ഥനയും
* ഉപദേശിമാരുടെ പരീക്ഷ - പ്രാദേശിക സഭാ നിയമങ്ങൾ

**ഫൊറോന തല പ്രവർത്തനങ്ങൾ**

* ഉപദേശിമാരുടെ കുടുംബസംഗമം
* ഉപദേശിമാരുടെ ഭവന സന്ദർശനം
* ലഹരിവിരുദ്ധ ബോധവത്ക്കരണം - ക്ലാസ്സും റിപ്പോർട്ടവതരണവും
* ക്രിസ്തുമസ്സ് സംഗമം

**ഇടവകതല പ്രവർത്തനങ്ങൾ**

* ബി. സി. സി കളിൽ കുടുംബപ്രാർത്ഥനയെക്കുറിച്ച് പഠനം
* ഭവനസന്ദർശനം - കുടുംബപ്രാർത്ഥനയിൽ പങ്കെടുക്കൽ
* നവമാധ്യമങ്ങളെക്കുറിച്ചും ലഹരിക്കെതിരെ ബോധവൽക്കരണവും നൽകുക

## കരിസ്മാറ്റിക് റിന്യൂവൽ സർവ്വീസ്

സജികുമാർ വി.എൽ.
ആനിമേറ്റർ, 9961061544

**ഫാ. ജെറാൾഡ് മത്യാസ്**
എക്സി. സെക്രട്ടറി, 9447419541

**നിർദ്ദേശങ്ങൾ**

**1. ഇടവകതല പ്രവർത്തനങ്ങൾ**

1. എല്ലാ കുടുംബങ്ങളിലും കുടുംബപ്രാർത്ഥന നടക്കുന്നുവെന്ന് ഉറപ്പുവരുത്തുക
2. കുടുംബ പ്രാർത്ഥനകളിൽ പതിവ് പ്രാർത്ഥനകൾക്കും ജപമാലയ്ക്കും ശേഷം സ്വയം പ്രേരിത പ്രാർത്ഥനകൾ തിരുവചന വിചിന്തനങ്ങൾ, ''ദൈവസ്വരത്തിന് കാതോർക്കൽ,'' സ്വതന്ത്രമായ സ്തുതികൾ, മധ്യസ്ഥ പ്രാർത്ഥനകൾ, വരദാനങ്ങളുടെ ഉപയോഗം തുടങ്ങിയവ ഉൾപ്പെടുത്തുക

3. കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന ശൈലിയും പരസ്പരം കേൾക്കുന്ന ശൈലിയും പരിപോഷിപ്പിക്കുക
4. എല്ലാ ഇടവകകളിലും ആഴ്ചയിൽ ഒന്നരമണിക്കൂർ നിശ്ചിത സമയത്ത് കൂടുന്ന പ്രാർത്ഥനാ ഗ്രൂപ്പുകൾ തുടങ്ങുക
5. ഇടവകകളിൽ ഏഴാഴ്ച നീണ്ടുനിൽക്കുന്ന ''ലൈഫ് ഇൻ ദ സ്പിരിറ്റ്'' സെമിനാർ സംഘടിപ്പിക്കുക
6. ക്രിസ്റ്റീൻ പ്രാർത്ഥനാ ഗ്രൂപ്പുകളും ഏകദിന ധ്യാനങ്ങളും സംഘടിപ്പിക്കുക
7. യുവജന പ്രാർത്ഥനാ ഗ്രൂപ്പുകൾ സംഘടിപ്പിക്കുക
8. കുടുംബാംഗങ്ങൾ ഒരുമിച്ച് പ്രാർത്ഥനാ ഗ്രൂപ്പുകളിൽ പോകുന്ന ശൈലി വളർത്തുക

**3. ഫൊറോന റീജീയണൽതല പ്രവർത്തനങ്ങൾ**

1. കെരിഗ്മ പരിശീലനങ്ങളും ഔട്ട്റിച്ച്കളും നടത്തുക
2. എൽ. എസ്. എസ് റിസോഴ്സ് ടീം പരിശീലനങ്ങൾ നടത്തുക
3. കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ മുഖപത്രമായ ജീവജ്വാല വരിക്കാരാകുക, പ്രചരിപ്പിക്കുക
4. ബൈബിൾ കൺവെൻഷൻ, വളർച്ചാ ധ്യാനം, ക്രിസ്റ്റീൻ ധ്യാനം, യുവജന ധ്യാനം, കുടുംബവിശുദ്ധീകരണ ധ്യാനം, ജാഗരണ ആരാധനകൾ, ഏകദിന കൂട്ടായ്മകൾ, മധ്യസ്ഥ പ്രാർത്ഥനകൾ, ശിഷ്യത്വ പരിശീലനങ്ങൾ തുടങ്ങിയവ നടത്തുക.

## വിദ്യാഭ്യാസ ശുശ്രൂഷ

# ബോർഡ് ഫോർ എഡ്യൂക്കേഷൻ പ്രൊമോഷൻ

**ഫാ. ജോണി കെ. ലോറൻസ്,** ഡയറക്ടർ

***വിഷയം : സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്***

**പദ്ധതി രൂപീകരണത്തിനുള്ള ചില നിർദ്ദേശങ്ങൾ :**

1. ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികളെ ബി.സി.സി. യോഗങ്ങളിൽ ആദരിക്കുക. സമ്മാനവും നൽകാവുന്നതാണ്.
2. വിദ്യാഭ്യാസ സമിതിയുടെയും NET ന്റെയും അറിയിപ്പുകൾ യൂണിറ്റിൽ പങ്കുവയ്ക്കുക.
3. സാമ്പത്തിക ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്ക് പഠനോ പകരണങ്ങൾ നൽകാം.
4. ഇടവക വിദ്യാഭ്യാസ സമിതി ആസൂത്രണം ചെയ്യുന്ന മറ്റു പദ്ധതികൾ

**ഇടവകതല പ്രവർത്തനങ്ങൾ**

1. മേയ് 28-ാം തിയതി (പെന്തക്കുസ്താ തിരുനാൾ) വിദ്യാഭ്യാസ ദിനമായി ആചരിക്കുക. ദിവ്യബലിയുടെ ആമുഖം, വിശ്വാസികളുടെ പ്രാർത്ഥന എന്നിവയ്ക്ക് വിദ്യാഭ്യാസ സമിതി ക്രമീകരണം നടത്തുക. കുഞ്ഞുങ്ങൾ ആദ്യാക്ഷരം കുറിക്കുന്ന കർമ്മം അന്നേ ദിവസം നടത്താവുന്നതാണ്. SSLC, Plus Two ഉന്നത വിജയം നേടിയവർക്കുള്ള സമ്മാന വിതരണം, പഠനോപകരണ വിതരണം, നോളജ് ക്ലബ്ബ് - സ്കിൽ ടൈം എന്നിവയുടെ സമ്മാനങ്ങളും വിതരണം ചെയ്യാം.

2. 7,8,9 ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ബഹുബുദ്ധി (Multiple Intelligences) അധിഷ്ഠിതമായ കരിയർ ഗൈഡൻസ് സെമിനാർ
3. ഇടവകയിലെ വിദ്യാഭ്യാസ പ്രവർത്തകർക്കായി പരിശീലന സെമിനാർ.
4. 13 വയസ്സിനു താഴെയുള്ള എല്ലാ കുട്ടികളും NET ൽ അംഗമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
5. നോളജ് ക്ലബ്ബ്, സ്കിൽ ടൈം എന്നീ പരിപാടികളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
6. കരിയർ ഗൈഡൻസ് സെമിനാർ, PSC കോച്ചിംഗ് ക്ലാസ്സുകൾ
7. എല്ലാ മാസവും വിദ്യാഭ്യാസ സമിതിയുടെ യോഗം കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുക.
8. ഇടവകയ്ക്ക് അനുയോജ്യമായ മറ്റുപദ്ധതികൾ.

**ഫൊറോന-രൂപതാതല പ്രവർത്തനങ്ങൾ**

1. ഏപ്രിൽ-മേയ് 2023 : പ്രതിഭാപോഷണം ക്യാമ്പുകൾ.

   5-ാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി സെലക്ഷൻ സെമിനാർ
2. മേയ് 2023: SSLC, Plus Two വിദ്യാർത്ഥികൾക്കായി ഉപരി പഠനത്തെക്കുറിച്ച് അറിവ് നൽകുന്ന കരിയർ ഗൈഡൻസ് ക്യാമ്പ് / സെമിനാർ
3. 28 മേയ് 2023 : വിദ്യാഭ്യാസദിനാഘോഷം.

   വിദ്യാഭ്യാസ പ്രവർത്തകർ നേതൃത്വം നൽകുന്നു.
4. ജൂൺ-ജൂലൈ 2023 : ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്നു. SSLC, Plus Two എന്നിവയിൽ മുഴുവൻ A+ വാങ്ങിയവർ, യൂണിവേഴ്സിറ്റി റാങ്കുകൾ നേടിയവർ, PhD. നേടിയവർ എന്നിവരെ പങ്കെടുപ്പിക്കുക.

5. ആഗസ്റ്റ് 2023 : മയക്കുമരുന്ന്, മൊബൈൽ ഫോൺ അഡിക്ഷൻ എന്നിവയ്ക്ക് എതിരായ ബോധവല്ക്കരണം.

6. സെപ്റ്റംബർ 2023 :സൈനിക സ്കൂളിലേക്കുള്ള പ്രവേശനം

   5, 8 ക്ലാസ്സിലെ (ആൺകുട്ടികൾ) രക്ഷകർത്താക്കളുടെയും കുട്ടികളുടെയും യോഗം.

7. ഒക്ടോബർ 2023 : നവോദയ സ്കൂൾ പ്രവേശനം :

   നവോദയ സ്കൂൾ 5-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കുമായി നടത്തുന്ന ക്ലാസ്സ്

8. നവംബർ 2023 :ചരിത്രപഠന ശിബിരം

   നമ്മുടെ പൈതൃകം, ചരിത്രം എന്നിവയെ പഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും താൽപര്യമുള്ളവർക്കായി ഹെറിറ്റേജ് കമ്മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നു.

9. ഡിസംബർ 2023 : വിദ്യാഭ്യാസ സെക്രട്ടറിമാരുടെയും NET ഭാരവാഹികളുടെയും രൂപതാതല സമ്മേളനം

10. ജനുവരി 2024 : ഗവൺമെന്റ് ഏജൻസികളുടെ വിവിധ സ്കിൽ പരിശീലന പദ്ധതികളെക്കുറിച്ചുള്ള ബോധവത്ക്കരണ പരിപാടി. തൊഴിൽ നേടാൻ ആഗ്രഹിക്കുന്ന അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പങ്കെടുക്കാം.

11. ഫെബ്രുവരി 2024: മേഖലാതല പരീക്ഷാ ഒരുക്കധ്യാനം : SSLC, Plus One, Plus Two പരീക്ഷ എഴുതുന്നതിന് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കായി.

ഫൊറോന സമിതി ഒരുക്കുന്ന വിവിധ പരിപാടികളെക്കുറിച്ചുള്ള അറിയിപ്പുകൾ തുടർന്ന് ലഭിക്കുന്നതാണ്. ഇടവകതല പദ്ധതിയാസൂത്രണം നടത്തുമ്പോൾ ഫൊറോന-രൂപതാ പരിപാടികളിൽ ഇടവകയിൽ നിന്നുള്ള പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തുക. പദ്ധതിയാസൂത്രണം നടത്തുന്നതിന് ഫൊറോന ആനിമേറ്ററിന്റെ സേവനം തേടാവുന്നതാണ്. രൂപതാ ഓഫീസിന്റെ ഫോൺ നമ്പർ : 0471-2224248

# സാമൂഹ്യ ശുശ്രൂഷ

**ഫാ. രാഹുൽ ബി. ആന്റോ**
ഡയറക്ടർ, Mob : 9562772262

## സിനഡാത്മകത ഃ വിശ്വാസ വളർച്ചയ്ക്ക്

## കാർഷിക വികസന കമ്മിഷൻ

**കമ്മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ.**

1. ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും സുരക്ഷിത ഭക്ഷണം എല്ലാവർക്കും ഉറപ്പാക്കുന്നതിനുംവേണ്ടി കർഷകരെ സംഘടിപ്പിച്ച് പരിശീലനങ്ങളും ചർച്ചാ ക്ലാസ്സുകളും ശാസ്ത്രീയ അറിവുകളും നൽകുക
2. കർഷക ക്ലബ്ബുകൾ രൂപീകരിക്കാത്ത യൂണിറ്റുകളിൽ രൂപീകരിക്കുക
3. വിളവെടുപ്പ് മഹോത്സവമായ ചിങ്ങം ഒന്നിന് കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കുകയും കർഷകരെ ആദരിക്കുകയും ചെയ്യുക.
4. വീട്ടുവളപ്പിൽ കൃഷി ചെയ്യുന്ന ജൈവകൃഷി ഉൽപന്നങ്ങളുടെ പ്രദർശന വിപണനമേള ഓണക്കാലത്ത് യൂണിറ്റുകളിൽ സംഘടിപ്പിക്കുക.
5. വിത്തും അന്നവും - എന്റെ ഭവനം കൃഷി സമൃദ്ധം
6. പുതിയ തലമുറയ്ക്ക് കാർഷികാഭിമുഖ്യം പകർന്നുകൊടുക്കുന്നതിനും മണ്ണ്, പരിസ്ഥിതി, സ്ഥലജല മാനേജ്മെന്റ് എന്നിവയെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനുമായി സ്കൂൾതലത്തിൽ കുട്ടികളുടെ കർഷക ക്ലബ്ബ് രൂപീകരിക്കുക

7. മണ്ണിന്റെ ഫലപുഷ്ടി മനസ്സിലാക്കി കൂടുതൽ വിളവ് ലഭിക്കുവാൻ വേണ്ടി കൃഷി സ്ഥലത്ത് മണ്ണ് പരിശോധന നടത്തുക

8. കൂൺകൃഷി, ശാസ്ത്രീയ തേനീച്ച വളർത്തൽ എന്നിവയ്ക്ക് കർഷകർക്ക് പരിശീലനം നൽകുക

9. മഴവെള്ളത്തെ മഴവെള്ളക്കുഴികൾ നിർമ്മിച്ചുകൊണ്ട് അതത് സ്ഥലങ്ങളിൽത്തന്നെ നിലനിർത്തി ജലലഭ്യത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക

10. ജൈവകൃഷിയ്ക്കുവേണ്ട ജൈവവളം നിർമ്മിക്കുന്നതിന് മണ്ണിരക്കമ്പോസ്റ്റ്, ജൈവ കമ്പോസ്റ്റ് ഇവയുടെ നിർമ്മാണവും ഉപയോഗവും ത്വരിതപ്പെടുത്തുക. അതിനായി പരിശീലനങ്ങൾ സംഘടിപ്പിക്കുക

11. മൃഗസംരക്ഷണപരിശീലന കേന്ദ്രം വഴി കർഷകർക്ക് ശാസ്ത്രീയ പരിശീലനങ്ങൾ നൽകുക

    1. 3 ദിവസത്തെ പശുവളർത്തൽ
    2. 2 ദിവസത്തെ ആടുവളർത്തൽ
    3. 2 ദിവസത്തെ മുട്ടക്കോഴി വളർത്തൽ
    4. 1 ദിവസത്തെ കാട വളർത്തൽ
    5. 1 ദിവസത്തെ മുയൽ വളർത്തൽ

    പരിശീലനത്തിനുവേണ്ട ക്രമീകരണങ്ങൾ കാർഷിക വികസന കമ്മിഷൻ ചെയ്യുന്നതാണ്

12. പഠന യാത്രകൾ കർഷകർക്കായി നടത്തുക

    1. കേരള കാർഷിക സർവ്വകലാശാല, വെള്ളായണി
    2. കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രം, ശ്രീകാര്യം
    3. കൃഷി വിജ്ഞാന കേന്ദ്രം, വെള്ളനാട്

യൂണിറ്റുകളുടെ ആവശ്യം അനുസരിച്ച് കമ്മിഷൻ ക്രമീകരിച്ചുനൽകുന്നതാണ്

13. തൃക്കാർത്തിക ദിനം - കിഴങ്ങുവർഗ്ഗ ദിനം

    വിവിധ കിഴങ്ങുവർഗ്ഗങ്ങളുടെ പ്രദർശന വിപണന മേള സംഘടിപ്പിക്കുക

14. ക്ഷീരവകുപ്പുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് പാൽ ഉൽപന്ന പരിശീലനം സംഘടിപ്പിക്കുക

15. കർഷകരുടെ കൃഷി സ്ഥലങ്ങളിൽ ട്രൈക്കോഡെർമ പോലുള്ള ജീവാണുവളങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുക

16. കർഷകരുടെ വീട്ടുവളപ്പിൽ അസോള കൃഷി വ്യാപിപ്പിക്കുക

## ആദിവാസി ദളിത് പിന്നോക്ക വിഭാഗ വികസന കമ്മിഷൻ

**നിർദ്ദേശങ്ങൾ**

1. ഡി.സി.എം.എസ്. യൂണിറ്റുകളെ ശക്തമാക്കുന്നതിനുള്ള പദ്ധതികൾ

2. ക്രിസ്ത്യൻ സംസ്കാരത്തിലും വിശ്വാസത്തിലും നിലനിർത്തുവാനുള്ള ദർശന സെമിനാറുകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക

3. തിരക്കുകളുടെ ഇടയിലും മാറ്റിനിർത്തലുകളുടെ അവസരങ്ങളിലും വ്യക്തിപരമായ പ്രാർത്ഥനയ്ക്കും കുടുംബപ്രാർത്ഥനയ്ക്കും പ്രാധാന്യം നൽകുവാനുള്ള നിർദ്ദേശങ്ങളും പദ്ധതികളും

4. ലഹരിയ്ക്കെതിരെയുള്ള ബോധവൽക്കരണ യജ്ഞം

5. ആദിവാസി മേഖലയിലെ യൂണിറ്റുകൾ ശക്തിപ്പെടുത്തുക, പുതിയവ തുടങ്ങുക

6. വിവിധ സ്കോളർഷിപ്പുകളെക്കുറിച്ചുള്ള ബോധനം നൽകുക ഒപ്പം അവ നടപ്പിലാക്കുക (കെ.സി.ബി.സി.

ന്യൂനപക്ഷ സ്കോളർഷിപ്പ്, പരിവർത്തിത ശുപാർശിത വികസന കോർപ്പറേഷൻ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സ്കോളർഷിപ്പ് തുടങ്ങിയവ)

7. വിദ്യാർത്ഥികൾക്കായി ജീവിതദർശന ക്യാമ്പുകൾ സംഘടിപ്പിക്കുക
8. ലാറ്റിൻ കാത്തലിക് സംവരണം, ദളിത് ക്രൈസ്തവ സംവരണം – നടപടികൾ
9. സിനഡാത്മക സഭ വിശ്വാസ വിജയത്തിന് എന്ന വിഷയത്തിൽ ക്ലാസ്സുകൾ, ചർച്ചകൾ
10. ജസ്റ്റിസ് സൺഡേ /സാമൂഹ്യ ശുശ്രൂഷാ ദിനം ആചരിക്കുക
11. ഗ്രാമസഭാ പങ്കാളിത്തം ഉറപ്പാക്കുക, സർക്കാർ പദ്ധതികളെക്കുറിച്ചുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുക
12. സർക്കാർ ഉത്തരവുകൾ ശേഖരിക്കുക, ജനങ്ങളെ പഠിപ്പിക്കുക
13. എല്ലാ പ്രവർത്തനങ്ങളും ഡോക്കുമെന്റ് ചെയ്യുക

## പ്രവാസി ജീസസ്സ് ഫ്രട്ടേണിറ്റി കെയർ ഹോംസ്

**നിർദ്ദേശങ്ങൾ**

1. പ്രവാസികളുടെയും അതിഥിത്തൊഴിലാളികളുടെയും കൂട്ടായ്മ സംഘടിപ്പിക്കുക
2. പ്രവാസികളുടെയും അതിഥിത്തൊഴിലാളികളുടെയും വിവരശേഖരണം നടത്തുക
3. നോർക്കയുമായി യോജിച്ച് പ്രവാസികൾക്ക് രജിസ്ട്രേഷൻ, ക്ഷേമനിധി, ഐ.ഡി. കാർഡ്, സ്വയംതൊഴിൽ വായ്പ എന്നിവ നടപ്പിലാക്കുക
4. പ്രവാസികളുടെ കുടുംബസംഗമം സംഘടിപ്പിക്കുക
5. പ്രവാസികളുടെ മക്കൾക്ക് വിദ്യാഭ്യാസ പ്രോത്സാഹനവും മാധ്യമസംസ്കാരത്തിൽ അവബോധവും നൽകുക

6. ജയിൽ സന്ദർശിക്കുകയും പരിശീലനം നൽകുകയും ചെയ്യുക
7. അനാഥാലയങ്ങളിലും നിർദ്ധനരായവർക്കും ചികിത്സാ സഹായം, ഭക്ഷണ സഹായം നൽകുക
8. പ്രവാസികളെയും അതിഥിത്തൊഴിലാളികളെയും ഉൾപ്പെടുത്തി ക്രൈസ്തവ സംസ്കാര പഠനക്കൂട്ടായ്മ സംഘടിപ്പിക്കുക
9. ലഹരിവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ നൽകുക
10. എല്ലാ പ്രവർത്തനങ്ങളും കൃത്യമായി ഡോക്കുമെന്റ് ചെയ്യുക

## ആരോഗ്യ പരിപാലന മദ്യവർജ്ജന കമ്മിഷൻ

**നിർദ്ദേശങ്ങൾ**

1. തൈറോയ്ഡ്, കാൻസർ രോഗ നിവാരണ പദ്ധതികൾ, ആശാകിരണം, Body Check up follow up
2. ജീവിതശൈലീരോഗ അവബോധം ഫൊറോനതലത്തിൽ - സമീകൃതവും ക്രമീകൃതവുമായ ഭക്ഷണ ക്രമീകരണ ബോധവത്ക്കരണ പദ്ധതികൾ നടപ്പിലാക്കൽ
3. മാലിന്യനിർമ്മാർജ്ജനം ഉറപ്പുവരുത്തൽ - ശുചിത്വ ഗ്രാമം, ശുചിത്വഗൃഹം - തുടർ പരിപാടി
4. പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതികൾ - വ്യവസായ വകുപ്പ്, PWD, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപ്പിലാക്കൽ - (Recycle, Reuse, Reduce) ശുചിത്വമിഷൻ Plastic shredding centre, Kattakada
5. മതബോധനക്ലാസ്സുകളിൽ മദ്യ - ലഹരി വിരുദ്ധ പ്രബോധനം - എല്ലാ ഞായറാഴ്ചകളിലും

6. സമഗ്ര ആരോഗ്യ ശാക്തീകരണ സമിതി (രൂപതാ ഡോക്ടേഴ്സ് ഫോറം) യൂണിറ്റുതല വ്യാപനവും ശാക്തീകരണവും - തുടർപരിപാടി
7. ലോക പുകയില ലഹരിവിരുദ്ധ ദിനങ്ങളിൽ മതബോധന വിദ്യാർത്ഥികൾക്ക് ഉപന്യാസ-പ്രസംഗ-കാർട്ടൂൺ മത്സരങ്ങൾ, ലഹരിവിരുദ്ധ റാലി, പ്രതിജ്ഞ തുടങ്ങിയവ സംഘടിപ്പിക്കുക. സ്കൂൾതലത്തിലും ബോധവത്ക്കരണം നൽകുക.
8. പാലിയേറ്റീവ് കെയർ പദ്ധതി വ്യാപിപ്പിക്കൽ
9. വൃദ്ധജന സംരക്ഷണ പദ്ധതി - തുടർ പരിപാടി
10. യോഗ, പ്രകൃതി ജീവനം, ചെലവുകുറഞ്ഞ ആരോഗ്യ സുരക്ഷാ പദ്ധതികൾ ഉപയോഗപ്പെടുത്തൽ. ഉദാ: വർക്കല പ്രകൃതിദത്ത ആശുപത്രി (ഗവൺമെന്റ്)
11. മൺപാത്രങ്ങളിലെ പാചകവും മൺപാത്രങ്ങളുടെ ഉപയോഗ പ്രോത്സാഹനവും
12. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ (National Health Mission-NHM) പ്രവർത്തനങ്ങൾ ഇടവകതലത്തിൽ വ്യാപിപ്പിക്കൽ.
13. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രവർത്തനങ്ങൾ യൂണിറ്റുതല വ്യാപനം. സജീവം പദ്ധതി നടപ്പിലാക്കൽ - യൂണിറ്റുതലം മുതൽ
14. പ്ലാസ്റ്റിക് - ബോധവത്ക്കരണ പരിപാടികൾ എസ്.എച്ച്.ജി - തലത്തിലും സ്കൂൾ തലത്തിലും
15. ലഹരിവിരുദ്ധ ക്ലാസ്സുകൾ, ലഹരിക്കെതിരെ വൃക്ഷത്തൈകൾ നട്ടുകൊ ് ബോധവത്ക്കരണം
16. സമരിറ്റൻ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം എല്ലാ ഇടവകകളിലും സജീവമാക്കുക
17. CNG (കാത്തലിക് നഴ്സസ് ഗിൽഡ്) രൂപീകരിക്കൽ

18. ജീവിത ശൈലീ രോഗ ക്രമീകരണത്തിൽ വ്യായാമത്തിന്റെ പങ്ക് - ബോധവത്ക്കരണ പരിപാടികൾ വ്യാപിപ്പിക്കൽ
19. Holistic Health Empowerment Council പ്രവർത്തനം വ്യാപിപ്പിക്കുക
20. ദിനാചരണങ്ങൾ അർത്ഥപൂർണ്ണമായി ആചരിക്കൽ
21. ഭക്ഷ്യസുരക്ഷയും പോഷകാഹാരവും ആരോഗ്യ സുസ്ഥിതിയ്ക്ക് അനിവാര്യം - ബോധവൽക്കരണം

## തൊഴിൽ നീതി സമാധാന കമ്മിഷൻ

**നിർദ്ദേശങ്ങൾ**

1. മെയ് 1 തൊഴിലാളി ദിനം ആചരിക്കുക
2. തൊഴിലാളി സംഗമം തൊഴിലാളികളെ ആദരിക്കൽ ഇവ സംഘടിപ്പിക്കുക
3. യുവജനങ്ങൾക്കായി കരിയർ ഗൈഡൻസ് ക്ലാസ്സ് സംഘടിപ്പിക്കുക
4. നിയമസഹായ സെൽ രൂപീകരിച്ച് പ്രവർത്തിക്കുക
5. ക്ഷേമനിധിയിൽ അംഗങ്ങളാക്കുക
6. വിവിധ ഫോറങ്ങൾ ശക്തിപ്പെടുത്തി ഡേറ്റ എടുക്കുക (തയ്യൽത്തൊഴിലാളി, ഗാർഹികത്തൊഴിലാളി, നിർമ്മാണത്തൊഴിലാളി, ചെറുകിട തോട്ടംതൊഴിലാളി, കർഷകത്തൊഴിലാളി, ഈറ്റത്തൊഴിലാളി)
7. ഇ-ശ്രം പോർട്ടൽ, കർഷക ക്ഷേമനിധി, ഇവയിൽ രജിസ്റ്റർ ചെയ്യുക, ഡേറ്റ ശേഖരിക്കുക
8. വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് പരിശീലനങ്ങൾ, പദ്ധതികൾ സംഘടിപ്പിക്കുക, ക്ഷേമനിധി ബോർഡ്, പോളിടെക്നിക്, ന്യൂനപക്ഷ വിഭാഗം, കൃഷി വകുപ്പ്, ഹോർട്ടിക്കൾച്ചർ മിഷൻ)
9. നബാർഡുമായി യോജിച്ച് ഫാർമേഴ്സ് ക്ലബ്ബിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുക

10. ക്രിസ്ത്യൻ വർക്കേഴ്സ് മൂവ്മെന്റ് യൂണിറ്റുകൾ സജീവമാക്കുക,
11. സ്കിൽ ട്രെയിനിംഗ്, സ്വയംതൊഴിൽ യൂണിറ്റുകൾ ശക്തിപ്പെടുത്തുക
12. എക്സിബിഷൻ, വിൽപനമേള സംഘടിപ്പിക്കുക
13. പി.എസ്.സി. കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുക
14. ബോണക്കാട് തേയിലത്തോട്ടം മേഖല പ്രവർത്തനം ശക്തിപ്പെടുത്തുക
15. മാർക്കറ്റിംഗ്, കുടുംബ ബഡ്ജറ്റ്, നീതി ആയോഗ്, ചരക്കുസേവന നികുതി, തൊഴിൽ നിയമങ്ങൾ ഇവയെക്കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുക
16. സ്വാവലംബൻ പദ്ധതിയിൽ പ്രീമിയം അടക്കുക
17. എല്ലാ പ്രവർത്തനങ്ങളും ഡോക്കുമെന്റ് ചെയ്യുക
18. ടൂവീലർ, തയ്യൽ പരിശീലനം തുടങ്ങിയ പരിശീലനങ്ങൾ സംഘടിപ്പിക്കുക
19. ലഹരിമുക്തസഭയും സമൂഹവും - ഒരു തുടർ പഠനം
20. തൊഴിൽ സാധ്യതകളെ സാധ്യമാക്കൽ - വിവിധ വകുപ്പുകളുടെ പ്രവർത്തന ഏകോപനം

## സാമൂഹ്യ സാമ്പത്തിക വികസന കമ്മിഷൻ

**നിർദ്ദേശങ്ങൾ**

1. സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക
2. പുതിയ സംഘങ്ങൾ രൂപീകരിക്കുക.
3. ഇന്റേണൽ ആഡിറ്റിംഗ് ടീം രൂപീകരണവും അവർക്ക് പരിശീലനവും
4. സംഘങ്ങൾ ഗ്രേഡ് ചെയ്ത് പ്രവർത്തനം മെച്ചപ്പെടുത്തുക
5. സ്വയംതൊഴിൽ പദ്ധതിയ്ക്ക് പുതിയ ആശയങ്ങളുടെ നടപ്പാക്കൽ.

6. സ്വയംതൊഴിൽ പദ്ധതിയ്ക്ക് പണം തികയാതെ വന്നാൽ സർക്കാർ സർക്കാരിതര സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വായ്പ ലഭ്യമാക്കൽ
7. ക്രഡിറ്റ് യൂണിയൻ സംഘം പ്രവർത്തനങ്ങൾക്ക് വെൽഫെയർ ഫണ്ട് സംഘടിപ്പിക്കുക
8. എല്ലാ ക്രഡിറ്റ് യൂണിയനിലും കരുതൽ ധനം സ്വരൂപിക്കുക
9. ക്രഡിറ്റ് യൂണിയൻ പ്രൊമോട്ടർമാർ, വി.ഡി.സി. പ്രൊമോട്ടർമാർ, കളക്ഷൻ ഏജന്റുമാർ എന്നിവർക്ക് പ്രത്യേകം പരിശീലനം.
10. കുട്ടികളുടെ സംഘങ്ങൾക്ക് പഠനത്തോടൊപ്പം സ്വയം തൊഴിൽ പരിശീലനം

## സ്ത്രീ ശിശു വികസന കമ്മീഷൻ

**നിർദ്ദേശങ്ങൾ**

1. വനിതാവേദി രൂപീകരിക്കാത്ത യൂണിറ്റുകളിൽ രൂപീകരിക്കുകയും ഫൊറോനകളിൽ വനിതാഫോറം രൂപീകരിക്കാത്തിടത്ത് രൂപീകരിക്കുകയും തുടർച്ചയായ ശാക്തീകരണ പഠന ക്ലാസ്സുകൾ, സ്വയം തൊഴിൽ പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.
2. വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം കൊടുക്കുവാൻ സാധിക്കുന്ന യൂണിറ്റുകൾ അത്തരത്തിലുള്ള (ടൂവീലർ, ത്രീ വീലർ, ഫോർ വീലർ) ക്രമീകരണം ചെയ്യാവുന്നതും ലൈസൻസ് എടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കാവുന്നതുമാണ്.
3. സാമ്പത്തിക സ്വാശ്രയത്വത്തിനായി സ്വയംതൊഴിൽ പരിശീലനങ്ങൾ നൽകുകയും സ്വയംതൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സഹായങ്ങൾ നൽകുകയും ചെയ്യാവുന്നതാണ്.
4. ഇടവകകളിൽ നടത്തുന്ന പൊതു പഠനക്ലാസ്സുകളിൽ 'ജൻഡർ' ബോധവത്ക്കരണം പ്രധാന പ്രവർത്തനമായി എടുക്കാവുന്നതാണ്

5. വിധവകളും ഏകസ്ഥരുമായ വനിതകൾക്ക് പ്രത്യേകം പരിരക്ഷ നൽകുകയും അവരുടെ ഉന്നമനത്തിനായി 3 മാസത്തിലൊരിക്കൽ ഇവരെ ഒരുമിച്ചുകൂട്ടുകയും വേണ്ട സഹായങ്ങൾ നൽകി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയും ചെയ്യേണ്ടതാണ്.
6. മെയ് രണ്ടാമത്തെ ഞായറാഴ്ച മാതൃദിനത്തിൽ അമ്മമാരെ ആദരിക്കുകയും അവർക്കായി സംഗമങ്ങൾ, വിനോദയാത്ര തുടങ്ങി മറ്റ് ആഘോഷപരിപാടികളും സംഘടിപ്പിക്കാവുന്നതാണ്.
7. സ്ത്രീകൾക്കായി തിരുവനന്തപുരം RCC-യുമായി ബന്ധപ്പെട്ട് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്
8. സെപ്റ്റംബർ 8 പെൺകുട്ടികളുടെ ദിനത്തിൽ അവരുടെ കൂട്ടായ്മ നടത്തുകയും വ്യത്യസ്തമായ ആഘോഷപരിപാടികൾ സംഘടിപ്പിക്കാവുന്നതുമാണ്
9. 'സിനഡാത്മക സഭ വിശ്വാസ വളർച്ചയ്ക്ക്' - വനിതാവേദി വനിതാഫോറം ഇവയുടെ നേതൃത്വത്തിൽ **'സാന്ത്വന സ്പർശം'** പദ്ധതി . കിടപ്പുരോഗികൾ, അശരണർ, മരുന്ന്, ഭക്ഷണം, വസ്ത്രം (വിവിധ സഹായങ്ങൾ ആവശ്യമനുസരിച്ച്) എത്തിക്കുക. ഇത് ദീർഘ പദ്ധതിയായിക്കൊണ്ട് ഓരോ യൂണിറ്റിന്റെയും സാഹചര്യമനുസരിച്ച് **'സാന്ത്വനസ്പർശം'** സഹായ നിധി സമാഹരിച്ച് നടപ്പിലാക്കാവുന്നതാണ്.
10. അന്താരാഷ്ട്ര വനിതാദിനം മാർച്ച് 8 വ്യത്യസ്തങ്ങളായ പരിപാടികളാൽ അർത്ഥപൂർണ്ണമാക്കാവുന്നതാണ്.

**നഴ്സറി**

11. ഏപ്രിൽ - റിഫ്രഷർ കോഴ്സ്- മൂന്ന് ദിവസം (അധ്യാപകർ) വിനോദയാത്ര - ഒരു ദിവസം (നഴ്സറി വർക്കേഴ്സ്)
12. മെയ് - അഡ്മിഷൻ
13. ജൂൺ - പ്രവേശനോത്സവം നഴ്സറികളിൽ, പ്രവേശനോത്സവം നഴ്സറി വർക്കേഴ്സ്

14. ഇവാലുവേഷൻ ക്ലാസ്സ് എല്ലാ മാസവും ആദ്യ ശനി
15. പിറ്റിഎ രൂപീകരണം (ജൂൺ 15 – ജൂലൈ 30)
16. ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനാഘോഷം – നഴ്സറികളിൽ
17. സെപ്റ്റംബർ 5 – അധ്യാപകദിനാചാരണം, ആദരിക്കൽ, ഓണാഘോഷം നഴ്സറികളിൽ – നഴ്സറി വർക്കേഴ്സ്
18. ഒക്ടോബർ 2 ഗാന്ധി ജയന്തി – ശുചീകരണ വാരം നഴ്സറികളിൽ
19. നവംബർ 14 ശിശുദിനാചരണം ആഘോഷം
20. ഡിസംബർ – ജനുവരി മേഖലാ നഴ്സറി കലോത്സവം (11 മേഖല)
21. 2024 ജനുവരി – പുതുവത്സരാഘോഷം
22. ഫെബ്രുവരി – നഴ്സറി കലോത്സവം – രൂപതാതലം
23. ഫെബ്രുവരി – മാർച്ച് വാർഷികാഘോഷം നഴ്സറികളിൽ

**പൊതുവായ കാര്യങ്ങൾ**

24. ഏകീകൃത പരീക്ഷ (ഓണം, ക്രിസ്മസ്, വാർഷികം)
25. UNIX അക്കാഡമി – വിവിധ സ്കോളർഷിപ്പ് പ്രോഗ്രാം നടത്തി വരുന്നു
26. NHM പ്രോഗ്രാം എല്ലാ നഴ്സറികളിലും സംഘടിപ്പിക്കും
27. 'നാടിന്റെ നന്മയ്ക്കൊരു ചായ' മെച്ചപ്പെട്ട രീതിയിൽ നടത്തും
28. ഏകീകൃത സിലബസ്, ഏകീകൃത യൂണിഫോം മെച്ചപ്പെട്ട രീതിയിൽ തുടരും
29. പൂർവ്വ വിദ്യാർത്ഥി സംഗമം പരിപാടി പുനരാരംഭിക്കും.

**നിഡ്സ് കലണ്ടർ**

| | | |
|---|---|---|
| ഒന്നാം ശനി | - | നഴ്സറി സ്കൂൾ ടീച്ചേഴ്സ് ഇവാലുവേഷൻ |
| ആദ്യ ബുധൻ | - | ആനിമേറ്റേഴ്സ് മീറ്റിംഗ് |
| മൂന്നാം ബുധൻ | - | കമ്മിഷൻ സെക്രട്ടറിമാരുടെയും പ്രോജക്ട് കോ-ഓർഡിനേറ്റേഴ്സിന്റെയും മീറ്റിംഗ് |
| മൂന്നാം വെള്ളി | - | കെ. എൽ. എം. കേന്ദ്ര സമിതി ഇവാലുവേഷൻ |
| നാലാം ബുധൻ | - | ആനിമേറ്റേഴ്സ് പ്രോഗ്രാം അവതരണം |
| 2024 ഫെബ്രു. | - | നിഡ്സ് വാർഷികം |

**നിഡ്സ് യൂണിറ്റുകൾ ആചരിക്കേണ്ട പ്രധാന ദിനങ്ങൾ**

| | | | |
|---|---|---|---|
| 1. | ജനുവരി 12 | - | ദേശീയ യുവജന ദിനം |
| 2. | ജനുവരി 26 | - | റിപ്പബ്ലിക് ദിനം |
| 3. | മാർച്ച് 8 | - | അന്തർദേശീയ വനിതാ ദിനം |
| 4. | മാർച്ച് 21 | - | ലോക വനവൽക്കരണ ദിനം |
| 5. | മാർച്ച് 22 | - | ലോക ജല ദിനം |
| 6. | ഏപ്രിൽ 7 | - | ലോകാരോഗ്യ ദിനം |
| 7. | ഏപ്രിൽ 22 | - | ലോക ഭൗമ ദിനം |
| 8. | മെയ് 1 | - | ലോക തൊഴിലാളി ദിനം |
| 9. | മെയ് 13 | - | ലോക മാതൃ ദിനം |
| 10. | മെയ് 15 | - | ലോക കുടുംബ ദിനം |
| 11. | മെയ് 31 | - | ലോക പുകയില വിരുദ്ധ ദിനം |
| 12. | ജൂൺ 5 | - | ലോക പരിസ്ഥിതി ദിനം |
| 13. | ജൂൺ 10 | - | ലോക പിതൃ ദിനം |
| 14. | ജൂൺ 26 | - | ലഹരിവിരുദ്ധ ദിനം |

| | | | |
|---|---|---|---|
| 15. | ജൂൺ 27 | – | ലോക പ്രമേഹ ദിനം |
| 16. | ജൂലൈ 10 | – | ലോക ജനസംഖ്യാദിനം |
| 17. | ആഗസ്റ്റ് 8 | – | ഹിരോഷിമാ ദിനം |
| 18. | ആഗസ്റ്റ് 15 | – | സ്വാതന്ത്ര്യ ദിനം |
| 19. | ആഗസ്റ്റ് 17 | – | കർഷക ദിനം |
| 20. | ആഗസ്റ്റ് 19 | – | നീതി ഞായർ,<br>സാമൂഹ്യ ശുശ്രൂഷാ ദിനം |
| 21. | സെപ്റ്റംബർ 5 | – | അദ്ധ്യാപക ദിനം |
| 22. | സെപ്റ്റംബർ 8 | – | ലോക സാക്ഷരതാ ദിനം |
| 23. | ഒക്ടോബർ 16 | – | ലോക ഭക്ഷ്യ ദിനം |
| 24. | നവംബർ 1 | – | കേരളപ്പിറവി |
| 25. | നവംബർ 14 | – | ശിശു ദിനം |
| 26. | ഡിസംബർ 1 | – | എയ്ഡ്സ് ദിനം |
| 27. | ഡിസംബർ 3 | – | വികലാംഗ ദിനം |
| 28. | ഡിസംബർ 10 | – | മനുഷ്യാവകാശ ദിനം |

# കുടുംബപ്രേഷിത ശുശ്രൂഷ

**ഫാ. ജോസഫ് രാജേഷ്**
ഡയറക്ടർ

**ഫാ. ജസ്റ്റിൻ ഫ്രാൻസിസ്**
എക്സി.സെക്രട്ടറി

***വിഷയം : സിനഡാത്മകത കുടുംബ ഭദ്രതയ്ക്ക്***

**പദ്ധതി രൂപീകരണത്തിനുള്ള ചില നിർദ്ദേശങ്ങൾ :**

1.1 സാർവ്വത്രിക സഭ കുടുംബത്തെ സംവിധാനം ചെയ്തിരിക്കുന്നത് സ്നേഹത്തിന്റേയും ജീവന്റേയും ഉറ്റ കൂട്ടായ്മയാകാനാണ്. (സഭ ആധുനിക ലോകത്തിൽ നം.48). ഗാർഹിക സഭയെന്ന് കുടുംബത്തെ പിതാക്കന്മാർ നാമകരണം ചെയ്തിരിക്കുന്ന കുടുംബം അതിന്റെ തനിമ പ്രകടമാക്കി ജീവിക്കുമ്പോഴാണ് യഥാർത്ഥ കുടുംബം രൂപപ്പെടുക. അതുകൊണ്ടാണ് വി. ജോൺ പോൾ രണ്ടാമൻ തന്റെ കുടുംബങ്ങൾക്ക് ഒരു കത്ത് എന്നതിൽ കുടുംബമേ നീ എന്താണോ അതായിതീരുക എന്ന് ആഹ്വാനം ചെയ്തിരിക്കുക. കൂടുമ്പോൾ ഇമ്പമുള്ളതാകണം ഓരോ കുടുംബവും. ഈ പ്രക്രിയയിൽ കുടുംബങ്ങളെ രൂപപ്പെടുത്തുവാൻ സഹായിക്കുക എന്നതാണ് കുടുംബ പ്രേഷിത ശുശ്രൂഷയുടെ പ്രവർത്തനങ്ങൾ.

**2 ലക്ഷ്യം**

2.1 കത്തോലിക്കാ വിശ്വാസത്തിൽ അധിഷ്ഠിതമായ മാതൃകാ തിരുകുടുംബങ്ങളാക്കി നമ്മുടെ കുടുംബങ്ങളെ രൂപപ്പെടുത്തുക എന്നതാണ് പ്രധാന ലക്ഷ്യം.

2.2 ദൗത്യം

2.2.1 ഓരോ കുടുംബത്തേയും വിശ്വാസ പരിശീലന വേദികളാക്കി രൂപീകരിക്കുക.

2.2.2 കുടുംബപ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് കുടുംബ ബന്ധങ്ങളെ തന്നെ പ്രയോജനപ്പെടുത്തുക.

2.2.3 സ്ത്രീകളേയും കുട്ടികളെയും വേട്ടയാടുന്ന പ്രശ്നങ്ങളെ അതിജീവിക്കുവാനും അഭിമുഖീകരിക്കുവാനും അവരെ സജ്ജരാക്കുക.

2.2.4 കുടുംബത്തിലെ അനാവശ്യ ആർഭാടങ്ങളും ധൂർത്തും ഒഴിവാക്കി സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുവാനും പാവങ്ങളെ സഹായിക്കുവാനും പ്രാപ്തമാക്കുക.

2.2.5 താമസിക്കുവാൻ യോഗ്യമായ വീടുകൾ ക്രമീകരിക്കുകയും നല്ല സംസ്ക്കാരം വളർത്തിയെടുക്കുകയും ചെയ്യുവാൻ ബോധ്യം നൽകുക.

2.2.6 സ്ത്രീധനം എന്ന സാമൂഹിക വിപത്തിനെതിരെ ചിന്തിക്കുവാനും ജീവിതം തിരഞ്ഞെടുക്കുവാനും പ്രാപ്തമാക്കുക.

2.2.7 ഓരോരുത്തർക്കും അനുയോജ്യരായ ജീവിത പങ്കാളികളെ കണ്ടെത്തി വിവാഹജീവിതം ധന്യമാക്കുവാൻ സഹായിക്കുക.

2.2.8. കത്തോലിക്ക കുടുംബങ്ങളിൽ നിന്നുള്ള വിവാഹ ബന്ധങ്ങൾക്ക് പ്രാധാന്യം നൽകുകയും ഇതര മത - സഭാസമൂഹങ്ങളിൽ നിന്നുമുള്ള വിവാഹ ബന്ധങ്ങൾ വഴി ഉണ്ടാകാവുന്ന ഭവിഷത്തുകൾ ഒഴിവാക്കുവാൻ സഹായിക്കുകയും ചെയ്യുക.

**3. ഇടവക ഫൊറോന തല പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:-**

31. കുടുംബപ്രാർത്ഥന എല്ലാ കുടുംബങ്ങളിലും അർത്ഥവത്തായി ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുക (മാധ്യമ രഹിത മണിക്കൂർ നടപ്പിലാക്കുക)

3.2. കുടുംബങ്ങളിലെ സന്ധ്യാപ്രാർത്ഥനയ്ക്ക് വൈദികൻ/ സിസ്റ്റേഴ്സ്/ ഡീക്കൻ/ സെമിനാരി വിദ്യാർത്ഥികൾ എന്നിവർ മാറിമാറിപങ്കെടുക്കുന്ന രീതി സ്വീകരിക്കുക

3.3. കുടുംബത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ രൂപതയിലെ പുനർജനി കൗൺസിലിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുക.

3.4. ദമ്പതികൾക്ക് ഏകദിന പഠനവും കൗൺസിലിംഗും നടത്തുക

3.5. യുവതി - യുവാക്കൾക്ക് ഏകദിന പഠനവും കൗൺസിലിംഗും നടത്തുക

3.6. കുട്ടികൾക്ക് ഏകദിന പഠനവും കൗൺസിലിംഗും നടത്തുക

3.7. വിവാഹത്തിന് പ്രായമായ യുവാക്കളെയും യുവതികളെയും തങ്ങൾക്ക് അനുയോജ്യരായ കത്തോലിക്ക പങ്കാളിയെതന്നെ കണ്ടെത്തുവാൻ രൂപതയിലെ R.C Matrimonial വിവാഹ ബ്യൂറോയിൽ രജിസ്റ്റർ ചെയ്യിപ്പിക്കുക

3.8. ഏകസ്ഥരുടെയും വിധവകളുടെയും കൂട്ടായ്മകൾ രൂപീകരിച്ച് അവർക്കുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കുക

3.9. നവദമ്പതികളെ ഇടവകയിലേയ്ക്ക് സ്വാഗതം ചെയ്യുന്ന പരിപാടികൾ നടപ്പിലാക്കുക

3.10. RPC- Remote Preparation (Teenage) Course ൽ പങ്കെടുക്കുവാൻ എല്ലാ Plus One, Plus Two Class കളിലെ കുട്ടികളെ സജ്ജരാക്കുക

3.11. മുത്തശ്ശൻ മുത്തശ്ശി ദിനവും തിരുകുടുംബ ദിനവും മാതാപിതാക്കളുടെ ദിനവും ഇടവക തലത്തിൽ ഫൊറോനതലത്തിൽ നന്നായി ആഘോഷിക്കുക

3.12. ഇടവക കുടുംബങ്ങളിലെ പ്രശ്നങ്ങളും കുടുംബങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളും പരിഹരിക്കുവാൻ ഇടവക തർക്കപരിഹാര സമിതി രൂപീകരിക്കുക

3.13. നൂലുകെട്ട് പോലെയുള്ള ചടങ്ങുകൾ ഒഴിവാക്കി മാമോദീസായ്ക്ക് കൂടുതൽ പ്രാധാന്യം നൽകുകയും കത്തോലിക്ക വിശ്വാസ പാരമ്പര്യങ്ങൾക്ക് മുൻതൂക്കം നൽകുകയും ചെയ്യുക

# യുവജന ശുശ്രൂഷ

**ഫാ. റോബിൻ സി. പീറ്റർ**
ഡയറക്ടർ, 8281643325

## *വിഷയം : സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്*

**പദ്ധതി രൂപീകരണത്തിനുള്ള ചില നിർദ്ദേശങ്ങൾ :**

1. യുവജനങ്ങളെ വിശ്വാസ രൂപീകരണത്തിൽ വളരുവാൻ ആവശ്യമായ ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുക.
2. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പഠന വിഷയമാക്കി പഠന ക്ലാസ്സുകൾ ക്രമീകരിക്കുക.
3. യുവജന സംഘടനയുടെ നിയമാവലി എല്ലാ യൂണറ്റുകളിലും പഠിപ്പിക്കുക.
4. യുവതലമുറയ്ക്ക് പ്രായോഗികമായ രീതിയിൽ യേശുവിനെ അനുഭവിച്ചറിയാൻ തക്കതായ സന്ദർശനങ്ങളും വ്യാഖ്യാന രീതികളും നടപ്പിലാക്കൽ.
5. കലാ-കായിക സാമൂഹിക പരിശീലനത്തിനായി നൂതന സംവിധാങ്ങൾ തയ്യാറാക്കുക
6. യുജനങ്ങൾക്കായി ഫൊറോന തലങ്ങളിൽ ഗവ. ജോലിക്കാ വശ്യമായ കരിയർ ഗൈഡൻസ് സെന്ററുകൾ ആരംഭിക്കുക.

**ഇടവകതലത്തിൽ**

1. യുവജനങ്ങൾ പ്രാർത്ഥനാരൂപിയിൽ വളരുവാൻ യുവജന പ്രാർത്ഥനാ കൂട്ടായ്മ രൂപീകരിക്കുകയും കൂട്ടായ്മയിൽ വചന വ്യാഖ്യാനം, വചന വിചിന്തനം, വിശ്വാസ പഠനം, സാമൂഹിക വിഷയ പഠനങ്ങൾ എന്നിവ ഉൾക്കൊള്ളിക്കുക.

2. വിശ്വാസ പ്രഖ്യാപനം, വിശ്വാസത്തിന്റെ ജീവിതം, വിശ്വാസത്തിന്റെ ആഘോഷം, പ്രാർത്ഥന എന്നീ വിഷയങ്ങൾ യുവജനങ്ങളിൽ ക്രിയാത്മകമായി അവതരിപ്പിക്കുവാൻ യുവജനവാരം സംഘടിപ്പിക്കുക.
3. ഇടവകയിലെ എല്ലാ യുവജനങ്ങളെയും ഒരുമിച്ച് നിർത്തുകയും കൗദാശിക ജീവിതത്തിന്റെ ആവശ്യകത മനസ്സിലാക്കി കൊടുക്കുകയും ചെയ്യുക.
4. നിയമാവലി അനുസരിച്ച് കൃത്യമായി മീറ്റിംഗുകൾ നടത്തുക.
5. ഭവന സന്ദർശനം, രോഗിസന്ദർശനം ആതുരാലയ സന്ദർശനം തുടങ്ങിയ വിവിധങ്ങളായ സന്ദർശന പ്രവർത്തനങ്ങൾ പ്ലാനിംഗിൽ ഉൾപ്പെടുത്തുകയും യുവജനങ്ങൾക്കായി ആർട്ട്സ് & സ്പോഴ്സ് ദിനങ്ങൾ ക്രമീകരിക്കുകയും ചെയ്യുക.
6. ദിവ്യബലിയുടെ അർത്ഥ തലങ്ങളിലും ഘടനയിലും മാറ്റങ്ങൾ വരാതെ എല്ലാവരെയും പങ്കെടുപ്പിക്കുവാനായി യുവജനങ്ങൾക്ക് വേണ്ടി പ്രത്യേകം ദിവ്യബലി മാസത്തിലൊരിക്കലെങ്കിലും ക്രമീകരിക്കുക.
7. പഠന യാത്രകൾ, പഠന ക്ലാസുകൾ സംഘടിപ്പിക്കുക.
8. യുവജനങ്ങളുടെ ഭക്തസംഘടനകൾ രൂപീകരിക്കുക.
9. ഇടവക തലത്തിൽ യുവജന പരിശീലന പരിപാടികൾ - വ്യക്തിത്വ വികസന സെമിനാർ, കരിയർ ഗൈഡൻസ്, പിഎസ്സി ക്ലാസ്സുകൾ, സ്കിൽ ഡവലപ്മെന്റ് പരിപാടികൾ, മോട്ടിവേഷൻ സെമിനാറുകൾ, നേതൃത്വ ശാക്തീകരണ പരിപാടികൾ, ബിസിസികളിൽ യുവജനങ്ങളുടെ പങ്കാളിത്തം ശക്തമാക്കൽ, ആനുകാലിക പ്രസക്തമായ വിഷയങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ, പാനൽ ചർച്ചകൾ, ഡിബേറ്റുകൾ എന്നിവ സംഘടിപ്പിക്കുക.

# അൽമായ ശുശ്രൂഷ

**ഫാ. അനിൽ കുമാർ എസ്.എം.**
ഡയറക്ടർ

## സിനഡാത്മകത : വിശ്വാസ വളർച്ചയ്ക്ക്

### നിർദ്ദേശങ്ങൾ

1. ഇടവക അൽമായ ശുശ്രൂഷാ സമിതി യോഗം രണ്ടു മാസത്തിലൊരിക്കലെങ്കിലും കൂടുന്നു എന്ന് ഉറപ്പ് വരുത്തുക.
2. ഇടവകയിൽ വിവിധ തൊഴിൽ ചെയ്യുന്നവരുടെ പട്ടിക തയ്യാറാക്കുക. അവരുടെ ഫോൺ നമ്പർ, തൊഴിൽ എന്നിവ ഉൾപ്പെടുത്തി ഡയറക്ടറി തയ്യാറാക്കുക. ഒരേ തൊഴിൽ ചെയ്യുന്നവരുടെ കൂട്ടായ്മകൾ രൂപീകരിക്കുക.
3. പൊതു സേവനങ്ങൾ ഇടവകയിലെ ആവശ്യക്കാർക്ക് പ്രാപ്യമായ വിധത്തിൽ ലഭ്യമാക്കാൻ ഹെൽപ്ഡെസ്ക്ക് സ്ഥാപിക്കുക.
4. വിവിധ തൊഴിലുകളുടെ പുതിയ മേഖലകളും സാങ്കേതിക വിദ്യകളും പരിചയപ്പെടുത്തുന്ന നൈപുണ്യ വികസന പരിശീലനങ്ങൾ സംഘടിപ്പിക്കുക.
5. സാമൂഹ്യ തിന്മകൾക്കെതിരെ, പ്രത്യേകിച്ച് ലഹരിക്കെതിരെ ജാഗ്രതാസമിതി രൂപീകരിക്കുക. അതിന് അടിമപ്പെട്ടവരെ ലഹരി വിമുക്തിയിലേക്ക് നയിക്കാൻ സഹായിക്കുക.
6. സാമൂഹ്യ മാധ്യമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി സർക്കാർ പദ്ധതികളും വിവിധ വിഷയങ്ങളെക്കുറിച്ചുള്ള അറിവുകളും പങ്കുവയ്ക്കുക.

7. ആനുകാലിക സാമൂഹ്യ രാഷ്ട്രീയ ചുറ്റുപാടുകൾ ലത്തീൻ കത്തോലിക്കാ സമൂഹത്തെ എങ്ങിനെ ബാധിക്കുന്നു എന്ന് അവലോകനം ചെയ്യുന്ന ചർച്ചകളും സംവാദവും സംഘടിപ്പിക്കുക.
8. വിവിധ അൽമായ സംഘടനകളെ ഏകോപിച്ച് ശക്തിപ്പെടുത്തുക.

## കെ.എൽ.സി.എ.

**പദ്ധതി രൂപീകരണത്തിനുള്ള ചില നിർദ്ദേശങ്ങൾ :**

1. യൂണിറ്റുകളിൽ രാഷ്ട്രീയ കാര്യസമിതി രൂപീകരിക്കുക.
2. യൂണിറ്റിലെ ജനപ്രതിനിധികളുടെയും പൊതുപ്രവർത്ത കരുടെയും കൂട്ടായ്മ രൂപീകരിക്കുക.
3. ജനപ്രിതിനിധികളായി ഭാവിയിൽ പ്രവർത്തിക്കാൻ താല്പര്യവും കഴിവുമുള്ള വ്യക്തികളെ തെരഞ്ഞെടുത്തു അവർക്കു വേണ്ട പരിശീലനം നൽകുക.
4. പഞ്ചായത്തുകൾ, ബ്ലോക്ക്/ജില്ല/മുനിസിപ്പാലിറ്റി/ കോർപറേഷൻ/സർക്കാർ തലങ്ങളിൽ ലഭിക്കാൻ സാധ്യത ഉള്ള ആനുകൂല്യങ്ങൾ, തൊഴിലവസരങ്ങൾ, ക്ഷേമ നിധി തുടങ്ങിയ അറിയിപ്പുകൾ/വിവരങ്ങൾ സമയ ബന്ധിതമായി ഇടവക ജനങ്ങളിൽ എത്തിക്കുക.
5. വിവിധ രാഷ്ട്രീയ പാർട്ടികൾ/ജനപ്രതിനിധികൾ എന്നിവരുമായി അംഗങ്ങൾ ബന്ധങ്ങൾ കാത്തു സൂക്ഷിക്കുകയും എല്ലാവരെയും യൂണിറ്റ് രാഷ്ട്രീയ കാര്യ സമിതിയുടെ നേതൃത്വത്തിൽ സാഹചര്യങ്ങൾ ക്കനുസൃതമായി ഒരുമിച്ചു കൂട്ടി ചർച്ചകൾ, കൂട്ടായ്മകൾ, സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുക.
6. അതാതു പ്രദേശത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുക.

7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു ബോധവത്ക്കരണ ക്ലാസ്സുകൾ നൽകുക.

**വിദ്യാഭ്യാസ മേഖല പ്രവർത്തനങ്ങൾ**

1. യൂണിറ്റുകളിൽ വിദ്യാഭ്യാസ കാര്യസമിതി രൂപീകരിക്കുക.
2. വിദ്യാഭ്യാസ രംഗത്തു മികവ് പുലർത്തുന്നവരെ ആദരിക്കുക.
3. പരീക്ഷ ഒരുക്ക സെമിനാർ നടത്തുക.
4. വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കുക.
5. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികളെ സ്പോൺസർമാരെ കണ്ടെത്തി സഹായിക്കുക.
6. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുക.
7. തുടർ പഠനവുമായി ബന്ധപ്പെട്ടു സംശയ നിവാരണ സെൽ രൂപീകരിക്കുക.
8. പഠനം ഇടയ്ക്കുവച്ചു നിർത്തിയവർക്കു ഓപ്പൺ സ്കൂൾ യൂണിവേഴ്സിറ്റി, കറസ്പോണ്ടൻസ് വഴി ഡിഗ്രി വരെ എങ്കിലും തുടർപഠനത്തിനുള്ള സംവിധാനം ഉണ്ടാക്കുക.

**നിയമ-സാമ്പത്തിക മേഖല പ്രവർത്തനങ്ങൾ**

1. യൂണിറ്റുകളിൽ നിയമ-സാമ്പത്തിക കാര്യസമിതി രൂപീകരിക്കുക.
2. നിയമ സഹായ സെൽ രൂപീകരിക്കുക.
3. സിവിൽ, ക്രിമിനൽ, ആക്സിഡന്റ് മറ്റു കോടതി കേസുകളുമായി ബന്ധപ്പെട്ടു ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
4. സമുദായ വളർച്ചക്കുവേണ്ടി ഉതകുംവിധമുള്ള സാമ്പത്തിക വളർച്ച എല്ലാ മേഖലകളിലും നേടിയെടുക്കുവാനും

യുവജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക.

5. വില്ലേജ്, താലൂക്ക് ഓഫീസുകളിൽ സർട്ടിഫിക്കറ്റ് വിഷയങ്ങളിൽ ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കുന്നതിന് ഇടപെടൽ നടത്തുക. മേൽ ഘടകങ്ങളെ അറിയിക്കുക.
6. യൂണിറ്റുകളിൽ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുക.
7. സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾ എല്ലാവർക്കും കിട്ടുന്നു എന്ന് ഉറപ്പുവരുത്തുക.
8. മിച്ച നിക്ഷേപ പദ്ധതികൾ /ചിട്ടികൾ ആരംഭിക്കുക.

**കലാ-കായിക-സാംസ്ക്കാരിക മേഖല പ്രവർത്തനങ്ങൾ**

1. യൂണിറ്റുകളിൽ കലാ കായിക സാംസ്ക്കാരിക സമിതി രൂപീകരിക്കുക.
2. വിദ്യാർത്ഥികളിലും യുവജനങ്ങളിലും പ്രത്യേകിച്ച് 30 വയസ്സ് കഴിഞ്ഞ സമുദായ അംഗങ്ങളുടെ കഴിവുകൾ കണ്ടെത്താൻ മത്സരങ്ങൾ സംഘടിപ്പിക്കുക.
3. കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുക.അവസരങ്ങൾ, വേദികൾ നൽകുക.
4. കലാ കായിക സാംസ്ക്കാരിക മേഖലകളിൽ മികവ് പുലർത്തുന്ന വ്യക്തികളെ ആദരിക്കുക.
5. സംവിധാന മികവുള്ളവർ, അഭിനേതാക്കൾ, മറ്റു കലാകാരന്മാർ തുടങ്ങിയവരുടെ കൂട്ടായ്മ സംഘടിപ്പിക്കുക

## കെ.എൽ.സി.ഡബ്ല്യു.എ.

**നിർദ്ദേശങ്ങൾ**

1. 21 വയസ്സുള്ള മുഴുവൻ വനിതകളെയും KLCWA- ൽ അംഗങ്ങളാക്കുക.

2. സംഘടന രൂപീകരിക്കാത്ത പള്ളികളിൽ രൂപീകരിക്കുക.

3. കുടുംബ പ്രാർത്ഥന എല്ലാ വീടുകളിലും നടത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

4. **മെയ് 13 മാതൃദിനം**

   മെയ് മാസവണക്കത്തിന് മുൻതൂക്കം നൽകുക. അമ്മമാർക്ക് മാതൃദിനത്തിൽ സമ്മാനങ്ങൾ കൈമാറാൻ കുട്ടികളെയും പ്രോത്സാഹിപ്പിക്കുക. അമ്മമാരെ ആദരിക്കൽ, അമ്മമാരുടെ സംഗമം.

5. **ജൂൺ 5**

   പരിസ്ഥിതി ദിനത്തിൽ പരിസ്ഥിതി സംരക്ഷണം കുടുംബത്തിൽ, സമൂഹത്തിൽ

6. **ലഹരി വിരുദ്ധ കുടുംബം**

   ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക. സെമിനാറുകൾ, ലഹരി നിർമ്മാർജ്ജന പ്രവർത്തന ങ്ങൾക്കും നേതൃത്വം കൊടുക്കുക.

7. **സെപ്റ്റംബർ 8 - പെൺകുട്ടികളുടെ ദിനം**

   പെൺകുട്ടികളുടെ സംഗമം ഇടവക തലത്തിൽ. വ്യക്തി ശുചിത്വം സംബന്ധിച്ച ക്ലാസ്സുകൾ നൽകുക, കൗൺസിലിംഗ് സംഘടിപ്പിക്കുക.

8. **ഒക്ടോബർ 1 വയോജന ദിനം**

   വൃദ്ധമന്ദിര സന്ദർശനം, വാർദ്ധക്യത്തിൽ ആയിരിക്കുന്ന വരുടെ ശുശ്രൂഷയും പരിചരണവും ഉറപ്പുവരുത്തുക. ഇടവകയിലെ വൃദ്ധരായ മാതാപിതാക്കളുടെ സംഗമം

9. **സിനഡാത്മക സഭയിൽ**

   വനിതാ നേതൃത്വം, പഠനശിബിരം സംഘടിപ്പിക്കുക.

10. വിനോദയാത്രകൾ

11. **ക്രിസ്തുമസ്**

ക്രിസ്തുമസ് യൂണിറ്റുകളിൽ നടത്തുക. സമ്മാനങ്ങൾ കൈമാറുക. ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുക.

12. **ഫൊറോന** കെ.എൽ.സി.ഡബ്ല്യു.എ വാർഷികം ഇടവകതലത്തിലും ഫൊറോന തലത്തിലും സംഘടിപ്പിക്കുക.

13. രാഷ്ട്രീയ നേതൃത്വ പരിശീലനങ്ങൾ നടത്തുക.

14. അന്താരാഷ്ട്ര വനിതാ ദിനം - മാർച്ച് 8

സ്ത്രീകളുടെ സംഗമം, പഠനം, പരിശീലനം, ആദരവ് എന്നിവ സംഘടിപ്പിക്കുക.

## ദളിത് കത്തോലിക്കാ മഹാജന സഭ (ഡിസിഎംഎസ്)

**പദ്ധതി രൂപീകരണത്തിനുള്ള ചില നിർദ്ദേശങ്ങൾ :**

1. ഡി.സി.എം.എസ് യൂണിറ്റുകളുടെ പുന: സംഘടനയും പ്രവർത്തനവും കാര്യക്ഷമമാക്കു ന്നതാണ്.
2. ദളിത് ക്രൈസ്തവ യുവജനങ്ങൾക്ക് ജീവിതാഭി മുഖ്യം വളർത്തുന്നതിനു ജീവിത ദർശന ക്യാമ്പുകൾ സംഘടിപ്പിക്കുക.
3. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകൾ മേഖലാതലങ്ങളിൽ സംഘടിപ്പിക്കുന്ന താണ്.
4. ഭവന രഹിതരായ ദളിത് ക്രൈസ്തവർക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതാണ്.
5. സമർത്ഥരായ ദളിത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തുന്നതാണ്.
6. ഓഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച ജസ്റ്റിസ് സൺഡേ (നീതി ഞായർ ആചരിക്കണം.

7. സ്വയം തൊഴിൽ സംരംഭങ്ങൾ യൂണിറ്റ് തലംമുതൽ നടപ്പിലാക്കണം.
8. ഡി.സി.എം.എസ് യൂണിറ്റ്, മേഖല, രൂപത മീറ്റിംഗുകൾ കൃത്യമായും നടത്തുന്നു.
9. സംസ്ഥാന സമിതിയിലും, കൗൺസിലിലും കൃത്യമായും പങ്കെടുക്കുന്നതാണ്.
10. പരിവർത്തിത വികസന കോർപ്പറേഷനുമായി സഹകരിച്ച് വിവിധ സർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.
11. ജസ്റ്റിസ് കോശി കമ്മിഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ട സർക്കാർ അധികാരികളെ സമ്മർദ്ദം ചെലുത്തുക.
12. ദളിത് മക്കളിൽ കലാഭിരുചി കണ്ടെത്തുവാനും വളർത്തുവാനും ദളിത് കലോത്സവം, സാഹിത്യ മത്സരം ഇവ സംഘടിപ്പിക്കുന്നതാണ്.
13. കെ.സി.ബി.സി നൽകുന്ന സ്കോളർഷിപ്പ് നിലനിറുത്തുന്നതാണ്.
14. യുവജനങ്ങൾക്ക് കരിയർ ഓറിയന്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
15. വിദ്യാർത്ഥികൾക്ക് പഠനോപകരങ്ങൾ നൽകുക.
16. കെ.സി.ബി.സി ദളിത് ക്രൈസ്തവ നയരേഖാ പഠനം സംഘടിപ്പിക്കുക.
17. എല്ലാ പ്രവർത്തനങ്ങളും ഡോക്കുമെന്റ് ചെയ്യുക.
18. ദളിത് സംഗമം സംഘടിപ്പിക്കുക.
19. ദളിത് ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് നടപ്പിലാക്കുക.
20. ദളിത് ക്രൈസ്തവ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നിവയിലൂടെ വിശ്വാസം സംരക്ഷിക്കപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്.

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**പദ്ധതി രൂപീകരണത്തിനുള്ള ചില നിർദ്ദേശങ്ങൾ :**

1. ഏപ്രിൽ, മെയ് - സെൻട്രൽ കൗൺസിലിൽ നിന്നും ഇടവകകളിലെ കോൺഫറൻസ് സന്ദർശനങ്ങൾ
2. ജൂൺ - എസ്.എസ്.എൽ.സി, പ്ലസ് ടു, യൂണിവേഴ്സിറ്റി തലങ്ങളിൽ ഉന്നത വിജയം നേടിയിട്ടുള്ള സൊസൈറ്റി അംഗങ്ങൾക്കും, അംഗങ്ങളുടെ മക്കൾക്കും അവാർഡ് വിതരണം.
3. ജൂലൈ - നാഷണൽ സ്ക്കോളർഷിപ്പ് വിതരണം. അതോടൊപ്പം വിവിധ പഠന മേഖലകളിൽ ആയിരിക്കുന്ന പഠനം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്ത കുട്ടികളെ കണ്ടുപിടിച്ച് അവർക്കു സഹായം എത്തിക്കൽ.
4. ഓഗസ്റ്റ്, സെപ്റ്റംബർ - ഇടവകകളിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് സൊസൈറ്റിയെ സംബന്ധിച്ച സന്ദേശം എത്തിക്കലും, ദരിദ്രരായ മുഴുവൻ കുടുംബങ്ങളെയും കണ്ടുപിടിച്ച് സെപ്റ്റംബർ 27 വിൻസന്റ് ഡി പോൾ ദിനത്തിൽ അവർക്കു സൊസൈറ്റിയുടെ നേതൃത്വത്തിൽ ദിവ്യബലി ക്രമീകരണങ്ങൾ ചെയ്ത് സഹായങ്ങൾ എത്തിക്കലും.
5. ഒക്ടോബർ - സെൻട്രൽ കൗൺസിൽ വാർഷികം.
6. നവംബർ - മെഡിക്കൽ രക്തദാന ക്യാമ്പുകൾ, കോൺഫറൻസ്, ഏരിയ കൗൺസിൽ തലങ്ങളിൽ
7. ഡിസംബർ - സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള വിൻസെൻഷ്യൻ കൂടിച്ചേരലുകൾ കൂട്ടായ ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങളും സൊസൈറ്റിയുടെ ശക്തിപ്പെടുത്തലും.
8. ജനുവരി - വിവിധ പരീക്ഷകളെ മുന്നിൽ കണ്ടുകൊണ്ട് പാവപ്പെട്ടവരും പഠിത്തത്തിൽ പിന്നാക്കം നിൽക്കുന്നവരുമായ കുട്ടികളെ കണ്ടുപിടിച്ച് അവർക്കുള്ള തീവ്ര പരിശീലനം

9. ഫെബ്രുവരി, മാർച്ച് - ഏപ്രിൽ മുതൽ ജനുവരി വരെ നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതികൾ വിലയിരുത്തി നടപ്പിലാക്കാത്ത പദ്ധതികൾ നടപ്പിലാക്കൽ.

**മറ്റു പദ്ധതികൾ**

1. ഏരിയ കൗൺസിൽ തലത്തിൽ സ്പിരിചൽ ക്യാമ്പുകൾ
2. സൊസൈറ്റിയുടെ സന്ദേശം എത്തിക്കുന്ന തരത്തിലുള്ള സെമിനാറുകൾ, ചർച്ചകൾ, ക്ലാസ്സുകൾ ഇടവക തലങ്ങളിൽ
3. മെഡിക്കൽ രക്തദാന ക്യാമ്പുകൾ, കോൺഫറൻസ്, ഏരിയ, സെൻട്രൽ കൗൺസിൽ തലങ്ങളിൽ
4. ഇടവകകളിൽ മിനി വിന്നീസ് (കുട്ടികളുടെ കോൺഫറൻസ്), യൂത്ത്, വനിത കോൺഫറൻസ് രൂപീകരിക്കൽ
5. വിദ്യാഭ്യാസ ഉന്നതി ലക്ഷ്യം വച്ച് ഇടവകകളിൽ വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്ക്കരിക്കൽ
6. ഇടവകകളിലെ നിർധനരായ രോഗികൾക്കുള്ള സ്ഥിര ചികിത്സാ പദ്ധതികൾ ആവിഷ്ക്കരിക്കൽ.
7. വിവിധ സർക്കാർ ഏജൻസികളിൽ നിന്നുള്ള വിദ്യാഭ്യാസ സഹായ പദ്ധതികളെ സംബന്ധിച്ച് സൊസൈറ്റി അംഗങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള പഠന ക്ലാസ്സുകൾ.
8. വൃദ്ധസദനങ്ങൾ, ജയിലുകൾ, അനാഥാലയങ്ങൾ, ആശുപത്രികൾ സന്ദർശനം.
9. ജൂബിലി സ്മാരക മന്ദിര നിർമ്മാണം.
10. വിൻസെൻഷ്യൻ യുവജനങ്ങൾ, വനിതകൾ എന്നിവർക്കുള്ള പ്രത്യേക ക്ലാസ്സുകൾ.
11. കോൺഫറൻസുകൾ ഇല്ലാത്ത ഇടവകകളിൽ കോൺഫറൻസുകൾ രൂപീകരിക്കൽ.

12. ഈ കാലയളവിൽ സാഹചര്യം ആവശ്യപ്പെടുന്ന മറ്റു പ്രവർത്തനങ്ങൾ.

## ലീജിയൻ ഓഫ് മേരി

**പദ്ധതി രൂപീകരണത്തിനുള്ള ചില നിർദ്ദേശങ്ങൾ :**

1. 2023 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മേഖല തിരിച്ചു അൽമായ പ്രേഷിതത്വം ഇന്നത്തെ സഭയിൽ സെമിനാർ
2. മാർച്ച് – വെള്ളറട, ബോണക്കാട് കുരിശുമല തീർത്ഥാടനം, പ്രാർത്ഥനാ ശുശ്രൂഷ, അച്ചിയസ് കൂരിയാ തലത്തിൽ
3. മെയ് – മെയ് മാസവണക്കം ഇടവകകളിൽ
4. ജൂൺ – തിരുഹൃദയ ഭക്തിപ്രചരണം ഇടവകയിലെ എല്ലാ ഭവനങ്ങളിലും
5. ജൂലൈ – ഉത്തരീയ ഭക്തി പ്രചരണ ക്ലാസ്സും, ഉത്തരീയ വിതരണവും
6. സെപ്റ്റംബർ – സെപ്റ്റംബർ സമ്മേളനം പ്രസീദിയം തലത്തിൽ
7. ഒക്ടോബർ – ഒക്ടോബർ 22 ന് രൂപതാ ജപമാല പദയാത്ര നെയ്യാറ്റിൻകരയിൽ വച്ച്
8. നവംബർ – മരിച്ചുപോയ മരിയ സൈനീകർക്കു വേണ്ടിയും എല്ലാ മരിച്ച വിശ്വാസികൾക്കു വേണ്ടിയും പ്രസീദിയം തലത്തിൽ കുർബാന അർപ്പിച്ചു പ്രാർത്ഥിക്കുന്നു.
9. ഡിസംബർ – വാർഷിക റീ യൂണിയൻ കൂരിയാ തലത്തിൽ

# ബോർഡ് ഫോർ സെമിനാരി, ക്ലർജി റിലിജിയൻസ് & വൊക്കേഷൻ

**ഫാ. അരുൺ കുമാർ എസ്.എൽ.** **ഡോ. അലോഷ്യസ് സത്യനേശൻ**
എക്സിക്യുട്ടീവ് സെക്രട്ടറി ഡയറക്ടർ

*വിഷയം : സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്*

**പദ്ധതി രൂപീകരണത്തിനുള്ള ചില നിർദ്ദേശങ്ങൾ :**

1. **ദൈവവിളിപ്രോത്സാഹന മിഷൻ**

   ഇടവകയിലെ എല്ലാ കുട്ടികൾക്കും ദൈവവിളി സപ്ലിമെന്റ് നൽകുകയും പ്രാർത്ഥന കാർഡുകൾ നൽകുകയും വൈദീകരകാനോ സനസ്തരാകാനോ താൽപര്യമുള്ള കുട്ടികളുടെ പേര് വിവരവങ്ങൾ എഴുതിയെടുക്കുകയും ചെയ്യുക.

2. **ദൈവവിളി ദിനം**

   ദൈവവിളി ദിനത്തിന്റെ ഭാഗമായി എല്ലാ ഇടവകയിലും ഫൊറോനയിലും ദൈവവിളി ദിനം ആഘോഷിക്കണം.

3. **ദൈവവിളി പ്രോത്സാഹന ഫോറം**

   ഓരോ ഇടവകയിലും ഫൊറോനയിലും വൊക്കേഷൻ പ്രമോട്ടറെ നിയമിക്കുകയും അവരുടെ നേതൃത്വത്തിൽ ആ ഇടവകയിലും ഫൊറോനയിലും സേവനം ചെയ്യുന്ന ദൈവീകരെയും, സിസ്റ്റേഴ്സിനേയും ഉൾപ്പെടുത്തി ദൈവ വിളി പ്രോത്സഹന ഫോറം രൂപീകരിക്കുകയും ചെയ്യുക.

4. **സെമിനാരി വെൽഫയർ ഫണ്ട്**

സെമിനാരിയെ സഹായിക്കുവാൻ ഇടവകയിൽ സെമിനാരി വെൽഫെയർ ഫണ്ട് രൂപപ്പെടുത്തുകയോ ഒരു വൈദീ കാർത്ഥിയെ സ്പോൺസർ ചെയ്യുകയോ ചെയ്യാവുന്നതാണ്.

5. വൈദീക, സന്യസ്ത, സമർപ്പിത ജീവിതാന്തസ്സിലേക്കുള്ള ദൈവവിളികൾ വിവേചിച്ചറിയുകയും പ്രോത്സാഹിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.
6. എല്ലാ ഇടവകയിലെയും മതബോധന അധ്യാപകരും ലിറ്റിൽവേ ആനിമേറ്റർമാരും ഉപദേശിമാരും ദൈവവിളി വിവേചിച്ചറിയാൻ കുട്ടികളെയും യുവജനങ്ങളെയും സഹായിക്കുക.
7. ജീസസ് ഫ്രണ്ട്സ് പ്രോഗ്രാമിലും വൊക്കേൻ ക്യാമ്പുകളിലും ദൈവവിളി ആഭിമുഖ്യമുള്ള കുട്ടികളെയും യുവജങ്ങളളെയും പങ്കെടുപ്പിക്കുക.
8. സിനഡാത്മക സഭ വിശ്വാസ വളർച്ചയ്ക്ക് എന്ന വിഷയത്തക്കുെറിച്ചുള്ള സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പക്കുക.
9. ദൈവവിളി പ്രോത്സാഹനത്തിനും സെമിനാരിക്കും ആത്മീയവും സാമ്പത്തികവുമായ വേണ്ട സഹായ സഹകരണങ്ങൾ നൽകുക.
10. അൾത്താര ബാലകരുടെയും ദൈവവിളിയോട് ആഭിമുഖ്യമുള്ള കുട്ടികളെയും കുടുംബങ്ങളെയും സെമിനാരി സന്ദർശിക്കുവാൻ പ്രോത്സാഹിപ്പിക്കുക.
11. ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിന് ആധുനിക സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ പ്രയോജനപ്പെടുത്തുക.
12. ദൈവത്തിന്റെ സമ്മാനമായ കുട്ടികൾക്ക് ജന്മം നൽകുവാനും അവരെ വൈദീക സമർപ്പിത ജീവിതത്തിലേക്ക് ഒരുക്കുവാനും സഭയ്ക്കുവേണ്ടി നൽകാനും മാതാപിതാക്കൾ തയ്യാറാകുക.

# ബോർഡ് ഓഫ് ടെമ്പറാലിറ്റീസ്

**ഫാ. റോബർട്ട് വിൻസന്റ് വി.,** ഡയറക്ടർ

## *വിഷയം : സിനഡാത്മകത വിശ്വാസ വളർച്ചയ്ക്ക്*

**പദ്ധതി രൂപീകരണത്തിനുള്ള ചില നിർദ്ദേശങ്ങൾ :**

1. നഷ്ടപ്പെട്ടുപോയ രേഖകൾ നിർബന്ധമായും ഈ വർഷം കണ്ടെത്തുക (പ്രമാണം, തണ്ടപ്പേർ, BTR, മാപ്പ് തായ് പ്രമാണം)
2. ഭൂനികുതി ഈ വർഷം തന്നെ അടച്ചു കൃത്യത വരുത്തുക
3. അതിർത്തികൾ അളന്ന് കൃത്യത വരുത്തി കമ്പി കെട്ടിയോ ചുറ്റുമതിൽ സ്ഥാപിച്ചോ സുരക്ഷിതമാക്കേണ്ടതാണ്.
4. ഇടവകയുടെ അതിർത്തികൾ ക്രമീകരിച്ച് ഇടവക മാപ്പ് തയ്യാറാക്കുക. ഗൂഗിൾ മാപ്പിന്റെ സഹായത്തോടെ ഇത് ചെയ്യുവാൻ സാധിക്കും). ഗൂഗിൾ മാപ്പ് തയ്യാറാക്കി രൂപതാ ടെമ്പറാലിറ്റീസ് ഓഫീസിൽ അറിയിക്കേണ്ടതാണ്.
5. അശ്രദ്ധമായി കിടക്കുന്ന വസ്തുക്കൾ കണ്ടെത്തി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
6. വസ്തുവകകൾ, കെട്ടിടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഏത് റവന്യൂ നടപടികൾക്കും നിർമ്മാണങ്ങൾക്കും രൂപതയുടെ അനുവാദം ആവശ്യമാണ്.
7. രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ട ഭൂമി സംബന്ധ മായ രേഖകൾ നല്കാൻ ശ്രദ്ധിക്കുക.
8. തരിശുഭൂമിയിൽ പച്ചക്കറികൾ, ഫലവൃക്ഷതൈകൾ എന്നിവ കൂടി ചെയ്യാൻ ശ്രദ്ധിക്കുക.
9. രൂപതാ മാപ്പ് തയ്യാറാക്കുന്നതിനു മുന്നോടിയായി ഓരോ ഇടവകകളുടെയും മാപ്പ് തയ്യാറാക്കുന്നതിനു ശ്രദ്ധിക്കു. ഗൂഗിൾ മാപ്പ് ലിങ്ക് ടെമ്പറാലിറ്റി ഓഫീസിൽ അയയ്ക്കുക.
10. നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ അനുവാദം വാങ്ങേണ്ടതും സർക്കാർ നിബന്ധനകൾക്ക് വിധേയമായി നിർമ്മാണം പൂർത്തീകരിക്കേണ്ടതുമാണ്.